# ഗോസ്പൽ മെസഞ്ചർ

₹12

VOLUME XVI ISSUE 02 MAY 2025 | ക്രിസ്തീയ കുടുംബ മാസിക



"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ
നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണംലോകത്തെ സ്നേഹിച്ചു."

(യോഹന്നാൻ 3:16)

EDITORIAL

# അഭിമാനകരമായ 17 വർഷങ്ങൾ

സുവിശേഷീകരണം ഈ നാളുകളിൽ സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കടന്നുപോവുകയാണല്ലോ. കള്ളക്കേസുകളിൽ കുടുക്കി വൈദികരെയും കന്യാസ്ത്രീകളെയും പാസ്റ്റേഴ്സിനെയുമെല്ലാം ജാമ്യമില്ലാവകുപ്പുകൾ ചുമത്തി ജയിലിലാക്കുകയും പരസ്യമായി കയ്യേറ്റം ചെയ്യുകയും ചെയ്യുന്നു. മദ്ധ്യപ്രദേശും ഛത്തീസ്ഗഡുമെല്ലാം ഇക്കാര്യത്തിൽ മത്സരിക്കുന്നു. വർഷങ്ങളായി ഓൾഡ് ഡൽഹിയിലെ സെന്റ് മേരീസ് പള്ളിയിൽനിന്ന് ഗോൾഡാഖാനയിലെ സേക്രട്ട് ഹാർട്ട് കത്തീഡ്രലിലേക്ക് രണ്ടായിരത്തോളം പേർ പങ്കെടുക്കുന്ന 'കുരിശിന്റെ വഴി' നടത്താറുണ്ട്. ഈ വർഷം അതിന് പോലീസ് അനുമതി നിഷേധിച്ചു. ഇതിനെ കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രി ന്യായീകരിച്ചത് ഹനുമാൻ ജയന്തിയോടനുബന്ധിച്ചുള്ള ഘോഷയാത്രക്കും അനുമതി നിഷേധിച്ചിരുന്നു എന്നാണ്. ഇദ്ദേഹം മലയാളിക്ക്, പ്രത്യേകിച്ച് ക്രിസ്ത്യാനിക്ക് അപമാനമാണ്. സ്ഥാനാർത്ഥിയുടെ കാപട്യം മനസ്സിലാക്കി നേർച്ചകാഴ്ചകളിൽ പ്രതിമ പോലും പ്രതികരിച്ചിട്ടും വിശേഷബുദ്ധിയുണ്ടെന്ന് അഭിമാനിക്കുന്ന മനുഷ്യർ (ക്രിസ്ത്യാനികൾ) വോട്ട് ചെയ്ത് ജയിപ്പിച്ച്വിട്ടവർ വടക്കേ ഇന്ത്യയിലെ ക്രിസ്തീയ പീഡനങ്ങൾ നിസ്സാരവത്ക്കരിക്കുന്നത് നാം കാണുന്നുണ്ടല്ലോ. നിയമ നിർമ്മാണത്തിലൂടെ ചില സമുദായങ്ങൾക്കെതിരെ നടക്കുന്ന കരുനീക്കങ്ങളിൽ പിന്തുണക്കുന്ന ക്രിസ്ത്യാനി അടുത്ത ഇരതങ്ങളായിരിക്കുമെന്ന നഗ്നസത്യം മനസ്സിലാക്കുന്നില്ല, അല്ലെങ്കിൽ അജ്ഞത നടിക്കുന്നു. തങ്ങൾക്കു ഭരണമില്ലാത്ത സംസ്ഥാനങ്ങളിൽ ഗവർണർമാരെക്കൊണ്ട് പ്രതിസന്ധി സൃഷ്ടിക്കുവാനുള്ള നീക്കത്തിന് എതിരെ കഴിഞ്ഞദിവസം വന്ന സുപ്രീംകോടതി വിധി ശ്ലാഘനീയമാണ്. ജനത്തെ പ്രത്യേകിച്ച് യുവതലമുറയെ ഏറെ സ്വാധീനിക്കുന്ന സിനിമ എന്ന മാധ്യമത്തെ സാത്താൻ ആരാധനയുടെ പ്രചാരണത്തിനായി ചിലർ ദുരുപയോഗം ചെയ്യുന്നു. ലഹരിവ്യാപനത്തിനെതിരെ പല കോണുകളിൽ നിന്നും ഉയർന്നുവരുന്ന എതിർപ്പുകളും പ്രവർത്തനങ്ങളും പ്രതീക്ഷയുടെ നുറുങ്ങു വെട്ടം ആകുന്നു. അസംസ്കൃത എണ്ണയുടെ രാജ്യാന്തരവിലയിൽ വർദ്ധനവ് ഉണ്ടാകുമ്പോഴും ഇടിവുണ്ടാകുമ്പോഴും ഇന്ധനവിലയിൽ വർദ്ധനവ് രേഖപ്പെടുത്തുന്ന പ്രതിഭാസം ഇന്ത്യാമഹാരാജ്യത്തിന്റെ മാത്രം ശാപമാണെന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. വടക്കേ ഇന്ത്യയിലെ സുവിശേഷവേല ഏറെ പ്രതിസന്ധികളിലൂടെ കടന്നു പോകുന്നുവെങ്കിലും നമ്മുടെ വേല 17 വർഷം പൂർത്തീകരിക്കാൻ കർത്താവ് സഹായിച്ചു. വേലക്കാരിലും, വിശ്വാസികളിലും ഉണ്ടായ വർദ്ധന അഭിമാനകരമാണ്. ഇതിന് പിന്നിൽനിന്ന് പ്രാർത്ഥിച്ചും സാമ്പത്തികമായി സഹായിച്ചും കൂടെനിന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. "കൊയ്ത്തു വളരെ ഉണ്ട് സത്യം വേലക്കാരോ ചുരുക്കം. ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിനു യാചിപ്പിൻ" (മത്തായി 9:37-38). ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ!



രാജൻ എം. തോമസ്

CONTENTS


03 17 വർഷം പിന്നിടുമ്പോൾ
ഡോ. വി. പി. മത്തായി വാലയിൽ

05 മരണാനന്തര ജീവിതത്തിന്റെ അസ്തിത്വം
ഡോ. ജോർജ്ജ് സാമുവൽ

07 ബലഹീനതയിൽ ശക്തി
ഡോ. നെൽസൻ മാത്യു വാലയിൽ

09 മടിയന്റെ ഗതി
ടീച്ചർ

11 കുടുംബം – അടിസ്ഥാന തത്വങ്ങൾ
പ്രൊഫ. ജോൺ സക്കറിയ

13 ആസക്തിയുടെ ലക്ഷണങ്ങൾ
ഡീക്കൻ ബേസിൽ ജോർജ്ജ്

15 വിളക്കുകൾ
സോജ ടോണി

25 സജീവമായ യാഗം
റവ. സണ്ണി കെ. ജോൺ

- അഗ്നി അഗ്നിയെ ഉൽപാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist.,
Kerala 683556
egmofindia@gmail.com
8281616654


For Donation to Gospel Messenger


EDITORIAL BOARD
PUBLISHER: Dr. V. P. Mathai Valayil | CHIEF EDITOR: Rajan M Thomas | EDITOR: Baby George
MEMBERS: Dr. Nelson Mathew, Soja Tony, Alice Shajan, Shiny Joy



ഡയറക്ടറുടെ കത്ത്

ഡോ. വി. പി. മത്തായി വാലയിൽ

# 17 വർഷം പിന്നിടുമ്പോൾ

**2008 മെയ്മാസം ഒന്നാംതീയതി പ്രാർത്ഥിച്ച് ആരംഭിക്കുന്ന സമയം കർത്താവായിരുന്നു പ്രധാന കാർമ്മികൻ. വെറും ശൂന്യതയിൽ നിന്ന് വിശ്വാസത്തോടെ ആരംഭിച്ച പ്രസ്ഥാനമായിരുന്നു ഇജിഎം ഓഫ് ഇന്ത്യ.**

**ക**ർത്താവിനെ എത്ര സ്തുതിച്ചാലും മതിവരുന്നില്ല. കാരണം ഇടം ഇല്ലാത്തിടത്ത് ഇടം തന്നും വഴിയില്ലാത്തിടത്ത് വഴി കാണിച്ചും സഹായമില്ലാത്തിടത്ത് സഹായിച്ചും ഒറ്റപ്പെട്ടപ്പോൾ കൂടെ നിന്നും നഷ്ടപ്പെട്ടപ്പോൾ നഷ്ടങ്ങളെ ലാഭമാക്കിയും കരഞ്ഞപ്പോൾ കണ്ണുനീർ തുടച്ചും ഒന്നുമില്ലായ്മയിൽ സമൃദ്ധി തന്നും സ്നേഹിച്ചവർ കല്ലെറിഞ്ഞപ്പോൾ മറവിടമായും ഇങ്ങനെ പിന്നിലേക്ക് നോക്കി പറയാൻ തുടങ്ങിയാൽ കർത്താവിന്റെ തണലും കരുതലും ധാരാളമായി അനുഭവിച്ച വർഷങ്ങളായിരുന്നു പിന്നിട്ട നാളുകൾ എന്നു പറയാൻ കഴിയും.

2008 മെയ്മാസം ഒന്നാംതീയതി പ്രാർത്ഥിച്ച് ആരംഭിക്കുന്ന സമയം കർത്താവായിരുന്നു പ്രധാന കാർമ്മികൻ. വെറും ശൂന്യതയിൽ നിന്ന് വിശ്വാസത്തോടെ ആരംഭിച്ച പ്രസ്ഥാനമായിരുന്നു ഇജിഎം ഓഫ് ഇന്ത്യ. ഒരു മണിയോർഡർ പോലും കൈപ്പറ്റാൻ കഴിയാത്ത കാലമായിരുന്നു അത്. മിഷന് അന്യരിൽനിന്ന് ഒരു കത്തുപോലും വരാതിരുന്ന കാലം ഓർക്കാതിരിക്കുവാൻ കഴിയില്ല. സ്വന്തമായി ഒരു കാർ പോലും ഇല്ലാത്തവരായിരുന്നു കൂടെയുണ്ടായിരുന്നവർ. ദാവീദ് പറഞ്ഞതുപോലെ നിസ്സാരന്മാരായ ചില വ്യക്തികളുമായി ഈ സുവിശേഷയാത്ര ആരംഭിച്ചു. പണം, പെണ്ണ്, പദവി ഈ മൂന്നു കാര്യങ്ങളിലും ആവശ്യമായ അകലം പാലിച്ച് വിശുദ്ധിയോടെ വേലചെയ്തു ഭാരതം കർത്താവിനായി നേടണമെന്ന ഒരേയൊരു ആഗ്രഹത്തോടെയായിരുന്നു ആ യാത്ര. ആകെയുണ്ടായിരുന്ന മൂലധനവും ആ ആഗ്രഹം മാത്രമായിരുന്നു. തുടർന്നുള്ള ആറുമാസംകൊണ്ട് ആ ലക്ഷ്യം സഫലമാക്കാൻ കർത്താവ് കരുണകാണിച്ചു.

ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള കാലഘട്ടം എന്നത് പ്രീപ്രൈമറി മുതൽ യൂണിവേഴ്സിറ്റി വരെയുള്ള യാത്രയാണ് എന്ന് പറഞ്ഞാൽ തെറ്റിപ്പോകയില്ലല്ലോ. ഇവിടെ പഠിക്കാത്ത കാര്യങ്ങൾ ഇല്ല. അനുഭവമാണ് ഏറ്റവും നല്ല അദ്ധ്യാപകൻ. തോറ്റും ജയിച്ചും പടവെട്ടിയും പടവാളുയർത്തിയും കൊണ്ടും കൊടുത്തും നശിപ്പിച്ചും നേടിയും വീണും എഴുന്നേറ്റും നിന്ദിക്കപ്പെട്ടും മാനിക്കപ്പെട്ടും അദ്ധ്വാനിച്ചും വിശ്രമിച്ചും കഷ്ടപ്പെട്ടും ആശ്വസിച്ചും ദുഃഖിച്ചും സന്തോഷിച്ചും സമ്പത്തും ദാരിദ്ര്യവും സമൃദ്ധിയും ശൂന്യതയും നഷ്ടവും ലാഭവും വീഴ്ചയും താഴ്ചയും ചിരിയും വിഷാദവും ആരോഗ്യവും അനാരോഗ്യവും ഐക്യവും അനൈക്യവും അപകടങ്ങളും ദുരന്തങ്ങളും എല്ലാം നമ്മുടെ യാത്രയിൽ നമ്മെ പുതിയ പുതിയ പാഠങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരാണെന്ന് പറയാം. എന്റെ 64 വയസ്സുവരെയുള്ള ആയുഷ്കാലത്തിൽ മുകളിൽ പറഞ്ഞ എല്ലാ വിഷയവും പഠിച്ചു. ചിലതിലൊക്കെ തോറ്റുപോയി.

എങ്കിലും, പാഠം പഠിച്ചും പഠിപ്പിച്ചും, ജയിച്ചും തോറ്റും മുന്നേറുന്നു എന്ന വസ്തുത വളരെ അതിശയിപ്പിക്കുന്നതാണ്.

ഇഷ്ടപ്പെടാത്തത് അടിച്ചേൽപ്പിക്കുമ്പോഴും ഇഷ്ടപ്പെട്ടത് പറിച്ചെടുക്കുകയും ചെയ്യുമ്പോൾ മനസ്സിനേൽക്കുന്ന ഒരു ആഘാതമുണ്ടല്ലോ അത് പ്രാർത്ഥിക്കുമ്പോൾ കർത്താവ് സൗഖ്യമാക്കി.കഴിഞ്ഞ 17 വർഷം ഇജിഎം ഓഫ് ഇന്ത്യയിലേക്ക് എന്നേയും ദൈവം നടത്തി. നാം പഠിക്കാത്തതെല്ലാം കർത്താവ് പഠിപ്പിച്ചു.

ദൈവകൃപയാൽ 1994-ൽ ഞാൻ ആരംഭിച്ച സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യയിൽനിന്നും പടിയിറക്കിയപ്പോഴും, പിതാക്കന്മാരുടെ കാലം മുതൽ ജനിച്ചുവളർന്ന സഭയിൽനിന്നും കാരണം ബോധ്യപ്പെടുത്താതെയും വിശദീകരണം ചോദിക്കാതെയും പുറത്താക്കി പടി അടച്ചപ്പോൾ ചിലരൊക്കെ സന്തോഷിച്ചു; മറ്റു ചിലർ പരിഹസിച്ചു പക്ഷേ എന്നെ സംബന്ധിച്ചിടത്തോളം റോമർ 8:28 "നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മെക്കാക്കി മാറ്റുന്ന ദൈവം" ദോഷത്തിനായി ചെയ്തതെല്ലാം നന്മെക്കായി രൂപാന്തരപ്പെടുത്തിത്തന്നു. സാത്താൻ ലജ്ജിച്ച് തലതാഴ്ത്തിയതല്ലാതെ ദൈവം തിരഞ്ഞെടുത്ത് ഏല്പിച്ച ശുശ്രൂഷയെ ഒരുതരത്തിലും തകർക്കാൻ കഴിഞ്ഞില്ല. പിന്നിട്ട വഴികൾ വളരെ ദുർഘടംനിറഞ്ഞതായിരുന്നു. പക്ഷേ അതെല്ലാം അനുഭവങ്ങളാക്കി ദൈവം മാറ്റി. ഇന്ന് നമുക്ക് 56 ആരാധനാലയങ്ങളും 145 മിഷൻ സെന്ററുകളും 310 പ്രവർത്തകരും 6700 ഓളം വരുന്ന വിശ്വാസ സമൂഹവും വിശുദ്ധിയിൽ വളർന്നുവരുന്നു. സ്തോത്രം. കൂടാതെ 65 സൺഡേസ്കൂൾ സെന്ററുകളും 725 സൺഡേ സ്കൂൾ കുട്ടികളും നമ്മുടെ ഭാഗമായി വളർന്നുവരുന്നു.

വ്യക്തമായ ലക്ഷ്യത്തിലേക്ക്, കൃത്യമായ കാര്യപരിപാടികളോടെ കർത്താവ് നടത്തി. ധാരാളം കുടുംബങ്ങൾക്കും, രോഗികൾക്കും പുതിയ വിശ്വാസികൾക്കും ആശ്രയമായും ദൈവസ്നേഹം പകരുവാനുമായും നമ്മെ ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. എന്നാലും നമ്മൾ ഇതുവരെയും ദൈവം ആഗ്രഹിക്കുന്നതുപോലെ ആയിത്തീർന്നില്ലല്ലോ എന്നോർത്ത് പരിതപിക്കുകയാണ്. കാരണം അത്രമാത്രം കർത്താവ് നമ്മെ സ്നേഹിച്ചതല്ലേ. അത്രക്ക് ദൈവത്തിന്റെ കരുതൽ നമ്മൾ അനുഭവിച്ചതല്ലേ. കർത്താവിന്റെ അപ്രയോജന ഭൃത്യൻ എന്ന് പറയാനല്ലാതെ മറ്റൊന്നും അവകാശപ്പെടാൻ കഴിയുന്നില്ല. ധാരാളം നാളും നാഴികയും കർത്താവിനായി ഉപയോഗിക്കാതെ നഷ്ടമാക്കിക്കളഞ്ഞവരല്ലേ നമ്മൾ എന്ന കുറ്റബോധവും ഇല്ലാതില്ല.

ഒരു കാര്യം ദൈവമക്കൾ ഓർക്കണം ആയുസ്സും ആരോഗ്യവും കൊഴിഞ്ഞുവീഴും മുന്നേ പ്രാപ്തിയും കരുത്തും ഉള്ളപ്പോൾ കർത്താവിനായി പോരാടണം. **നമ്മുടെ രാജ്യം കർത്താവിനെ അറിയണം. അതിനായി എല്ലാ സാദ്ധ്യതകളും കർത്താവ് തുറന്നിട്ടിട്ടുണ്ട്. ധാരാളം അവസരങ്ങൾ കേരളത്തിലെ ക്രൈസ്തവർക്ക് ദൈവം പ്രത്യേകമായി നൽകി എന്ന് പറഞ്ഞാൽ തെറ്റില്ല. എന്നാൽ അവയെല്ലാം നഷ്ടപ്പെടുത്തി. നഷ്ടപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. കേരളത്തിൽ സുവിശേഷവിരോധികളുമായി ബുദ്ധിപരമല്ലാത്തതും ദൈവഹിതപ്രകാരവുമല്ലാത്ത കൂട്ടുകെട്ടിനുവേണ്ടി മത്സരിക്കുമ്പോൾ കേരളത്തിനു പുറത്ത് നമ്മുടെ രാജ്യത്തെ ധാരാളം ശുശ്രൂഷകന്മാർ ജയിലിനകത്തും പുറത്തും ശിക്ഷിക്കപ്പെട്ട്, ദണ്ഡിക്കപ്പെട്ടു കഴിയുന്നു.**

അ. പ്ര. 20:35ൽ "വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം". എന്ന ദൈവവചനം നാം വായിക്കുന്നു. പക്ഷേ ഇത് സുവിശേഷങ്ങളിൽ ഇല്ല. ഓരോ സുവിശേഷകനും ഓരോ വിശ്വാസിയും ഇത് ആപ്തവാക്യമായി ഏറ്റെടുത്ത് ഒന്നും പ്രതീക്ഷിക്കാതെ കർത്താവ് തന്നതെല്ലാം പങ്കുവെക്കുവാൻ ഒരുങ്ങിയാൽ സുവിശേഷം പടരും. ദേശ ദേശാന്തരങ്ങളിലേക്ക് പരക്കുക തന്നേ ചെയ്യും.

പ്രിയ ദൈവമക്കളെ, ഈ വരുന്ന മെയ്മാസം ഒന്നാം തീയതി നമ്മുടെ മിഷൻ 17 വർഷം പൂർത്തിയാക്കുന്ന ദിവസമാണ്. അന്നേദിവസം പ്രിയ വായനക്കാരെല്ലാം കർത്താവ് നമ്മിൽ ചെയ്ത വൻ കാര്യങ്ങൾ കാണാനും കേൾക്കാനും വരാൻ മറക്കരുതേ! നമുക്ക് ഒരുമിച്ച് ദൈവത്തെ സ്തോത്രം ചെയ്യേണ്ടേ. നമുക്ക് കർത്താവിന് നന്ദിപറയാൻ ഒത്തുചേരേണ്ടായോ. എളിയ ശുശ്രൂഷകൻ എന്ന നിലയിൽ ഞാൻ സവിനയം നിങ്ങളെ ക്ഷണിക്കുന്നു. മറക്കരുതേ ഓർക്കുക; പ്രാർത്ഥിക്കുക; വരിക അനുഗ്രഹം പ്രാപിക്കുക.

വെറും ശൂന്യതയിൽ ആരംഭിച്ച ഈ സുവിശേഷ പ്രസ്ഥാനത്തെ പ്രതിസന്ധികളിൽ തളരാതെയും കോവിഡ്പോലുള്ള മഹാമാരിയിൽ തകരാതെയും സൂക്ഷിച്ച് ഇന്നുവരെ, ഇത്രത്തോളം നടത്തിയ ദൈവത്തെ ഹൃദയപൂർവ്വം സ്തുതിച്ച് ഉപദേശിച്ചും നിർദ്ദേശങ്ങൾ തന്നും സഹകരിച്ച സഹപ്രവർത്തകരോടും വിശ്വാസി സമൂഹത്തോടും പ്രാർത്ഥനാ, സാമ്പത്തിക സഹകാരികളോടും ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തട്ടെ. ദൈവം അനുഗ്രഹിക്കട്ടെ!!!

●●●



ജീവിത
സായാഹ്നം

ഡോ. ജോർജ്ജ് സാമുവൽ

# മരണാനന്തര ജീവിതത്തിന്റെ അസ്തിത്വം

അന്ത്യത്തിൽ ഏതുവിധത്തിലുള്ള ഒരു വാസം ആയിരിക്കുമെന്ന് പൂർണ്ണമായറിയുന്നില്ലെങ്കിലും തിരുവചനത്തിൽ സ്വർഗ്ഗത്തെക്കുറിച്ച് 550 പ്രാവശ്യം പറയുന്നുണ്ട്. സ്വർഗ്ഗത്തിലെ വാസത്തെ സംബന്ധിച്ച കാര്യങ്ങൾ തിരുവചന വെളിപ്പാടിലൂടെയാണ് നാം മനസ്സിലാക്കുന്നത്. എന്നാൽ വെളിപ്പെടുത്തിത്തന്നിരിക്കുന്ന ഭാഷയും പ്രതീകവും, ചിഹ്നങ്ങളും ഇവിടെ കണക്കിലെടുത്ത് വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു. കൂടാതെ പരിമിതികളുള്ള മനുഷ്യന് സ്വർഗ്ഗത്തെക്കുറിച്ചുള്ള കാര്യങ്ങൾ പൂർണ്ണമായി ഗ്രഹിക്കുന്നതിനു വേണ്ടത്ര ഗ്രാഹ്യശക്തിയുമില്ല. ദൈവം തന്റെ വചനത്തിലൂടെ വെളിപ്പെടുത്തിയവപോലും ഗ്രഹിക്കുന്നത് അത്ര സുഗമമല്ല. നമുക്കറിയാവുന്ന സാദൃശ്യത്തോടും വസ്തുതകളോടും തുലനംചെയ്താണല്ലോ നാം ഓരോന്നിനും അർത്ഥം കല്പിക്കുന്നത്. അതിനാൽ പരിമിതിയുള്ള മാനസികശേഷിക്കനുസരണമായാണ് നാം അർത്ഥം ഗ്രഹിക്കാൻ ശ്രമിക്കുന്നത്.

**മഹത്ത്വമേറിയ ശരീരത്തോട് അനുരൂപപ്പെടൽ**

തീർച്ചയായും നിത്യസൗഭാഗ്യത്തെക്കുറിച്ച് കർത്താവ് നമുക്ക് ഉറപ്പുനൽകിയിട്ടുണ്ട്. മെച്ചപ്പെട്ട ഒരു ലോകത്തിൽ കർത്താവിനോടൊപ്പം മഹത്ത്വകരമായ വാസത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത്. ശരീരം വിട്ടകന്ന് കർത്താവിനോടുകൂടെ വസിക്കുന്ന (2 കൊരി 5:8) വിവരം വ്യക്തമായി തന്നിരിക്കുന്നു. ഇപ്പോഴത്തെ അവസ്ഥയും ശരീരം വിട്ട് കർത്താവിനോടൊപ്പമായിരിക്കാൻ പോകുന്ന അവസ്ഥയും തമ്മിൽ ബന്ധപ്പെടുത്തുന്ന ഒരു 'ഇടനാഴി'യാണ് മരണത്തിന്റെ താഴ്വര. സ്വർഗ്ഗത്തിലായിരിക്കുന്ന അവസ്ഥയിൽ ഭൂമിയിലെ പരിമിതികൾ ഒന്നുംതന്നെ പ്രസക്തമല്ല (2 കൊരി 5:1), അവ സ്വർഗ്ഗത്തിലെ ജീവിതത്തെ ബാധിക്കയുമില്ല. അന്ന് ഓർക്കയുമില്ല. ആകുലതയിൽനിന്നും പരാജയഭീതിയിൽനിന്നും മോചനം പ്രാപിച്ച സ്ഥിരതയുള്ള അവസ്ഥയാണത്. സ്വർഗ്ഗത്തെക്കുറിച്ച് ദൈവവചനം പഠിപ്പിക്കുന്നത് 'ദൈവം വസിക്കുന്ന ഇടം എന്നും അവിടെനിന്നുമാണ് യേശു വന്നതെ'ന്നും ആകുന്നു. (മത്താ 6:19,20). അവിടെ പുഴുവും തുരുമ്പും ഒന്നുംതന്നെ നാശം വിതെക്കുന്നില്ല. പിതാവിന്റെ ഭവനം (യോഹ 14:2) മാതൃകാപരമായ ഭരണം (വെളി 4:2) മനോഹരമായ സ്ഥലം (വെളി 21-22) എന്നൊക്കെ സൂചിപ്പിക്കുന്നു. എന്നാൽ യോഹന്നാന് സ്വർഗ്ഗത്തെക്കുറിച്ച് വളരെ കൂടുതൽ പറഞ്ഞുതരാനുണ്ടെങ്കിലും നമുക്ക് മനസ്സിലാക്കാൻ ഭാഷ പര്യാപ്തമായിട്ടില്ല. പൂർണ്ണതയിൽ ദൈവത്തെ സേവിക്കുന്നിടമായി (വെളി 22:2) പറഞ്ഞിട്ടുണ്ട്. സ്വർഗ്ഗത്തിൽ നാം എത്തുമ്പോൾ ഗ്രഹിക്കാനുള്ള നമ്മുടെ ശേഷി ഇപ്പോഴുള്ളതിനേക്കാൾ വളരെ മെച്ചപ്പെട്ട

തായിരിക്കും. ഇപ്പോൾ നമുക്കുള്ള അറിവ് വളരെ പരിമിതമാണ് (1 കൊരി 13:12). അത്രയധികം വ്യക്തമല്ലാത്ത ഒരു രൂപരേഖ മാത്രമാണ് നമുക്ക് ഇപ്പോൾ സ്വർഗ്ഗത്തെക്കുറിച്ചുള്ളത്. കണ്ണാടിയിലെന്നപോലെ അവ്യക്തമായി അതിനെ നാം കാണുന്നു. അപ്പോഴോ നാം അഭിമുഖമായി കാണും (1 കൊരി 13:12). ഇപ്പോൾ പൂർണ്ണമായും അറിയുന്നില്ലെങ്കിലും നേരിൽ കാണാൻപോകുന്നതിനെ വിശ്വാസത്താൽ നാം സ്വീകരിക്കുന്നു.

പരിമിതിയോടെയുള്ള നമ്മുടെ സേവനത്തെയും ആരാധനയെയും കർത്താവ് സ്വീകരിക്കുന്നുവെന്നുള്ളത് നമുക്ക് തൃപ്തിനൽകുന്നു. അന്ന് പരിപൂർണ്ണമായി നമുക്ക് സമയബന്ധിതമോ മുഷിപ്പോ ബാധിക്കാത്തവിധം ആരാധിക്കാൻ കഴിയും. നമ്മുടെ സ്ഥായിയായ ഭവനത്തിൽ നാം എത്തുന്നു. കർത്താവിനോട് ഒരുമയുള്ള ഒരവസ്ഥ യാഥാർത്ഥ്യമാവുന്നു. നമുക്കോരോരുത്തർക്കും ഏറ്റവും അനുയോജ്യമായ രീതിയിലുള്ള വാസസ്ഥലമാണ് കർത്താവ് ഒരുക്കുന്നത്. ഇപ്പോഴത്തെ അവസ്ഥയിൽ നിന്ന് മഹത്ത്വകരമായ ജീവിതത്തിന് അനുയോജ്യമായ അന്തരീക്ഷത്തോടുകൂടിയ വാസസ്ഥലമാണ് കർത്താവ് നമുക്കായ് ഒരുക്കുന്നത്. താൻ മഹത്ത്വീകരിച്ച അവസ്ഥയിൽ നമുക്ക് കർത്താവിനോടൊപ്പം കഴിയാനുതകുന്ന മേൽത്തരമായ അന്തരീക്ഷം, അത് ഒരുക്കിക്കഴിയുമ്പോൾ കർത്താവ് നമ്മെ വിളിക്കും.

സർവ്വശക്തനായ ദൈവം തന്റെ മഹാജ്ഞാനത്താലും ഉന്നതമാർന്ന ശക്തിയാലും എല്ലാറ്റിനെയും തന്റെ കാൽക്കീഴ് ആക്കിയിരിക്കുന്നു. ദൈവത്തിന് മനുഷ്യനെ ഉയിർപ്പിക്കാൻ കഴിയും. ഉയിർപ്പിക്കുക എന്നത് യുക്തിസഹമാണ്. ദൈവത്തിന്റെ വാഗ്ദത്തത്തിൽ "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്ന പലരും, ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും" (ദാനീ. 12:2) എന്നതിൽ ഉയിർത്തെഴുന്നേൽപ്പ് ഉൾപ്പെടുന്നു. മറ്റു വേദഭാഗങ്ങളിൽ (ഇയ്യോബ് 19:26, 27; ലൂക്കൊ 20:37, 38; എബ്രാ 11:16; 1 കൊരി 15:13, 14) ഈ വിഷയം വളരെ വ്യക്തമാണ്. നമുക്ക് ദൈവവചനത്തിൽനിന്ന് ഉയിർത്തെഴുന്നേൽപ്പ് സംബന്ധിച്ച നല്ല ഉറപ്പാണ് നൽകിയിരിക്കുന്നത് (1 കൊരി 15:36; മത്താ 12:40). നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരത്തിന് അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലി 3:21). അതായത് ഇപ്പോൾ രോഗത്തിനും വേദനക്കും പാപത്തിനും മരണത്തിനും മറ്റും അധീനമായ ഈ ശരീരത്തിന് രൂപാന്തരം സംഭവിച്ച് കർത്താവിന്റെ മഹത്ത്വമുള്ള ശരീരംപോലെ ആയിത്തീരും. ദ്രവത്വം ബാധിക്കാത്ത ആത്മിക ശരീരമാണല്ലോ. നമുക്ക് ലഭ്യമാകുന്നത്. ഈ ലോകജീവിതത്തിൽ പ്രായാധിക്യം മൂലമുണ്ടാകുന്ന ജീർണ്ണതയും ആത്മികശരീരത്തെ ബാധിക്കില്ല. മഹിമയേറിയതും ശോഭയേറിയതുമായ ശരീരത്തിൽ ദൈവത്തെ സ്തുതിക്കാനും ശക്തിയിൽ ആരാധിക്കാനും മടുപ്പില്ലാതെയും ക്ഷീണിതരാകാതെയും ദൈവത്തെ സേവിക്കാനും സാധിക്കും. (മത്താ 13: 43; 17:2). ആത്മിക ശരീരത്തിന്റെ ഗുണമേന്മയും തേജസ്സും പ്രത്യേകതയുള്ളതാണ്. ദുരാഗ്രഹങ്ങളോ ജഡികമായ വിശപ്പോ ആവേശമോ ഒരു പരീക്ഷയായി കാണില്ല. പാപം പരീക്ഷിക്കാത്തവിധം ഭൂമിയിലുള്ളതുപോലെ പ്രലോഭനങ്ങളില്ലാത്ത വാസമായിരിക്കും. സ്വർഗ്ഗീയ ജീവിതത്തിന് ഭക്ഷണമോ വസ്ത്രമോ മറ്റു താങ്ങുകളോ ആവശ്യമില്ല (വെളി 7:16). സ്വർഗ്ഗത്തെക്കുറിച്ച് വേദപുസ്തകം പറഞ്ഞിരിക്കുന്നത് മറ്റേതിനെക്കുറിച്ചും പറഞ്ഞിരിക്കുന്നതുപോലെ സത്യം തന്നെയാണ്.

ഈ ലോകത്തിലെ ഒന്നിനുംതന്നെ ആത്മാവിനെ സംതൃപ്തമാക്കാൻ കഴിയുകയില്ല. ലോകം നൽകുന്ന ഏറ്റവും വലിയ ഉല്ലാസങ്ങൾ മനുഷ്യനെ അതിവേഗം മുഷിപ്പിക്കുന്നവയാണ്. സ്വർഗ്ഗത്തിന്റെ അനുഭവം ഇപ്പോൾ അറിയാവുന്നതിന്റെ വളരെ മടങ്ങ് ഉന്നതമായിരിക്കും. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയും വളരെ മടങ്ങ് ഉന്നതമായിരിക്കും. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയും വളരെ മടങ്ങ് വ്യക്തമാകും. പ്രസ്തുത വിവരം ദൈവത്തെ കൂടുതൽ സ്നേഹിക്കാൻ നമ്മെ പ്രേരിതരാക്കും. വാസ്തവത്തിൽ ദൈവവുമായി കൂടുതൽ പരിചിതരായി ജീവിക്കുന്ന അവസ്ഥയിൽ നാം ദൈവത്തെ കൂടുതൽ സ്നേഹിക്കാൻ താത്പര്യപ്പെടുന്നു. താനായിരിക്കുന്നതുപോലെ ദൈവത്തെ കാണുന്നത് എത്രയോ ശ്രേഷ്ഠമായിരിക്കും. (1 യോഹ 3:2) നാം ദൈവത്തോടുകൂടെ ആയിരിക്കുന്നതാണ് സ്വർഗ്ഗത്തിന്റെ ആകർഷകത്വം. നമുക്ക് ഈ ലോകത്തിൽ വളരെ വലുതായി തോന്നുന്ന കാര്യങ്ങൾ സ്വർഗ്ഗത്തിൽ വളരെ ചെറുതായിരിക്കും. സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലമാണല്ലോ. യേശു "സ്വർഗ്ഗസ്ഥനായ പിതാവേ" (മത്താ 6:9) എന്നാണ് സംബോധന ചെയ്തത്. നിത്യജീവന്റെ നഗരം എന്നാണ് ഈ വാസസ്ഥലം അറിയപ്പെടുന്നത്. ദൈവം കണ്ണുനീരെല്ലാം തുടയ്ക്കുന്നതിനാൽ (വെളി 21;3,4) കണ്ണുനീരില്ലാത്ത നഗരമെന്നും അറിയപ്പെടുന്നു. ഉല്പത്തി 17:22ൽ "ദൈവം ആരോഹണം ചെയ്തു അഥവാ കയറിപ്പോയി" എന്ന് വായിക്കുന്നതിലും ഇയ്യോബ് 3:4 ൽ "ഉയരത്തിൽനിന്ന് ദൈവം കടാക്ഷിക്കുന്നതും " ആവ 30:12 ൽ "സ്വർഗ്ഗത്തിൽ

(ശേഷം പേജ് 8 – ൽ)

ജീവിത ചിന്തകൾ





ഡോ. നെൽസൻ മാത്യു വാലയിൽ

# ബലഹീനതയിൽ ശക്തി

ഒരു മുഖംമൂടിപോലെ നാം പലപ്പോഴും 'ശക്തി' ധരിക്കും – പുറത്ത് പുഞ്ചിരിയും ഉള്ളിൽ വേദനയുമായി. നിശബ്ദമായ യുദ്ധങ്ങളും സ്വകാര്യ നൊമ്പരങ്ങളും ഉത്തരംലഭിക്കാത്ത ചോദ്യങ്ങളും വഹിക്കുമ്പോഴും 'സുഖമായിരിക്കുന്നു' എന്ന് പറയും. ബലഹീനതയുടെ നിമിഷങ്ങളിൽ എന്തു ചെയ്യണം? എങ്ങനെ പ്രതികരിക്കണം? എന്നറിയാതെ നാം പകച്ചുപോകാറില്ലേ?

ക്രിസ്തുവിനായി ശക്തിയോടെ പ്രവർത്തിച്ച അപ്പൊസ്തലനാണ് പൌലൊസ്. അവൻ ധാരാളം പ്രാദേശിക സഭകൾ നട്ടുപിടിപ്പിക്കുകയും ലേഖനങ്ങൾ എഴുതുകയും പോരാട്ടത്തിന്റെ ജീവിതം നയിക്കുകയും ചെയ്തെങ്കിലും, "ജഡത്തിലെ ശൂലം" അപ്പോഴും വഹിച്ചു. അത് എന്താണെന്ന് നമുക്ക് കൃത്യമായി അറിയില്ല. വേദനയോ അസുഖമോ വൈകാരിക പോരാട്ടമോ എന്തുതന്നെയായാലും, അത് എടുത്തുകളയുവാൻ പൌലൊസ് ദൈവത്തോട് മൂന്നു പ്രാവശ്യം ആവശ്യപ്പെട്ടു. പക്ഷേ ദൈവം അപ്രകാരം ചെയ്തില്ല. പകരം, അവന് മെച്ചപ്പെട്ട ഒന്ന് നൽകി: കൃപ! വേദനയുടെ നടുവിലും പൌലൊസിനെ വഹിച്ച ഒരു സുസ്ഥിരമായ അനുദിന ശക്തി. അത് അവന്റെ വീക്ഷണത്തെ മാറ്റിമറിച്ചു. അവൻ പറഞ്ഞു "ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന്നു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും" (2 കൊരിന്ത്യർ 12:9).

നമ്മൾ എല്ലായ്പ്പോഴും ശക്തരായിരിക്കണമെന്നില്ല. ലോകം നമ്മുടെ ശക്തിയെ അന്വേഷിക്കുന്നു. എന്നാൽ ദൈവം നമ്മുടെ ബലഹീനതകളെ അന്വേഷിക്കുന്നു. അവിടെയാണ് യേശു നമ്മെ കണ്ടുമുട്ടുന്നത്.

നിക്ക്വുജിസിക്ക് കൈകളും കാലുകളും ഇല്ലാതെ ജനിച്ച ഒരു മനുഷ്യനാണ്. വർഷങ്ങളോളം, വിഷാദം, ഭയം, ആത്മഹത്യാചിന്തകൾ എന്നിവയുമായി അദ്ദേഹം പോരാടി. അദ്ദേഹം പറഞ്ഞു, 'എനിക്ക് ഒരു ലക്ഷ്യവുമില്ലെന്ന് ഞാൻ കരുതി, എനിക്ക് പ്രതീക്ഷ കാണാൻ കഴിഞ്ഞില്ല.' എന്നാൽ പിന്നീട്, അവൻ യേശുവിന്റെ സ്നേഹത്തെ കണ്ടുമുട്ടി. പതുക്കെ, അവൻ തന്റെ ജീവിതത്തെ ഒരു ദുരന്തമായിട്ടല്ല, മറിച്ച് ഒരു സാക്ഷ്യമായി കാണാൻ തുടങ്ങി. ഇന്ന്, അവൻ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളോട് സംസാരിക്കുന്നു. ഹൃദയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ആത്മാക്കളെ ഉണർത്തുകയും ജനങ്ങളെ ക്രിസ്തുവിലേക്ക് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. നിക്ക് പറയുന്നു – 'കൈകളും കാലുകളും ഇല്ലാത്ത എന്നെ തന്റെ കൈകളും കാലുകളുമാക്കാൻ ദൈവത്തിന് കഴിയുമെങ്കിൽ, അവൻ തീർച്ചയായും നിങ്ങളെ ഉപയോഗിക്കും!

ഇതാണ് പ്രിയരെ കൃപയുടെ ഹൃദയമിടിപ്പ്. യോഗ്യരായ, വാക്ചാതുര്യമുള്ള, ആത്മവിശ്വാസമുള്ളവരെ ദൈവം ഉപയോഗിക്കുന്നുവെന്ന് നാം പലപ്പോഴും കരുതുന്നു. എന്നാൽ അവൻ തകർന്നതും ക്ഷീണിച്ചതും അനിശ്ചിതത്വമുള്ളതുമായവയെ ഉപയോഗിക്കുന്നു. ബൈബിൾ അത്തരം കഥകളാൽ നിറഞ്ഞിരിക്കുന്നു:

മോശെ വിക്കനായിരുന്നു പക്ഷേ ദൈവം അവന്റെ ശബ്ദത്തിനു ചാലകശക്തി നൽകി. ഗിദെയോൻ ഭയന്നു. എന്നാൽ ദൈവം അവനെ ഒരു യോദ്ധാവാക്കി. ദാവീദ് ചെറുപ്പമായിരുന്നു, വെറുമൊരു ആട്ടിടയനായിരുന്നു, എന്നാൽ ദൈവം അവനെ രാജാവാക്കി. പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞ പരാജിതനാണ് പക്ഷേ ദൈവം അവനെ ഒരു പാറയാക്കി. ലോകം ഇതുവരെ കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ വിജയം കൊണ്ടുവരാൻ യേശുപോലും കുരിശിലെ ബലഹീനത തിരഞ്ഞെടുത്തു, തോൽവിയാണെന്ന് തോന്നുന്ന ഒരു ഇടം.

അതിനാൽ, ഇന്ന് ക്ഷീണം തോന്നുന്നുവെങ്കിൽ... ജീവിതം നമ്മെ മെലിഞ്ഞതാക്കുകയാണെങ്കിൽ, ശക്തരാണെന്ന് നടിച്ച് നിങ്ങൾ മടുത്തുവെങ്കിൽ – കൃപക്ക് പ്രവർത്തിക്കാനുള്ള ഏറ്റവും അനുയോജ്യമായ ഇടമാണ് താങ്കൾ. സമ്മർദ്ദം ഉപേക്ഷിക്കുക. പോരാട്ടങ്ങൾ അവസാനിപ്പിക്കുക. ദൈവം നമ്മുടെ ഹൃദയത്തിൽ വാഴട്ടെ, ജീവിതത്തെ ഏറ്റെടുക്കട്ടെ, കൃപയെ പകരട്ടെ. പൗലൊസിനെപ്പോലെ നമുക്കും ഇങ്ങനെ പറയാൻ ധൈര്യപ്പെടാം: "ബലഹീനനായിരിക്കുമ്പോൾത്തന്നെ ഞാൻ ശക്തനാകുന്നു".

നമ്മുടെ ബലഹീനതകൾ ഒരു അയോഗ്യതയല്ല. ദൈവത്തിന്റെ ശക്തിയെ പകരുന്നതിനുള്ള യോഗ്യതയാണ്. ആയതിനാൽ ബലഹീനതകളെ അംഗീകരിച്ച് ദൈവകൃപക്കായി അപേക്ഷിക്കാം.

സങ്കീർത്തനം 34:18 "ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സ് തകർന്നവരെ അവൻ രക്ഷിക്കുന്നു"

യെശയ്യാവ് 40:29 "അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നല്കുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു."

"കർത്താവേ, ഞങ്ങൾ ശക്തരാകണമെന്നില്ല. നിന്റെ ശക്തി ഞങ്ങളിലുണ്ടാകണമെന്നാണു ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങളുടെ ബലഹീനതകൾ നിനക്ക് സമർപ്പിക്കുന്നു. നിന്റെ മഹത്വം ഞങ്ങളിൽ വെളിപ്പെടുത്തണമേ. കൃപ പകർന്ന് ഞങ്ങളെ നയിക്കേണമേ. ആമേൻ."

●●●

(പേജ് 6 – ൽ നിന്നും)

കയറിച്ചെന്ന്" എന്നു കാണുന്നതും യോഹ 3:13-ൽ "സ്വർഗ്ഗത്തിൽ മറ്റാരും "കയറിപ്പോയിട്ടില്ല" എന്ന് കർത്താവ് പറഞ്ഞതും മറ്റും കണക്കിലെടുക്കുമ്പോൾ സ്വർഗ്ഗം മുകളിൽ എന്ന ധാരണയാണ് നമുക്കു ലഭിക്കുന്നത്. ദിശയെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചും വിലയിരുത്തുന്നത് നാം ഇപ്പോൾ എവിടെ ആയിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ. ആയതിനാൽ സ്വർഗ്ഗം നമ്മിൽനിന്ന് ഉന്നതമായ ഒരു ഇടമാണ്. അത് എല്ലാവിധത്തിലും ഉന്നതം തന്നേ.

●●●



'സന്തോഷം കൊണ്ട് നിറഞ്ഞവർ ദൈവത്തെ പ്രചരിപ്പിക്കാതെ തന്നെ പ്രചരിപ്പിക്കുന്നു.'

– മദർ തെരേസ –

ഗോസ്പൽ മെസഞ്ചർ മാസിക വാട്ട്സാപ്പിലൂടെ ലഭിക്കുന്നതാണ്. Gospel Messenger എന്ന് എഴുതി പേരും സ്ഥലവും ഉൾപ്പെടുത്തി 8281616654 എന്ന നമ്പറിലേക്ക് Whatsapp സന്ദേശമയക്കുക.

ടീച്ചർ





ജയന്തി ടീച്ചർ

# മടിയന്റെ ഗതി

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു പച്ചത്തുള്ളൻ ജീവിച്ചിരുന്നു. അവൻ പുല്ലിൽനിന്ന് പുല്ലിലേക്കും മരച്ചില്ലയിൽനിന്ന് മറ്റൊന്നിലേക്കും ചാടിക്കളിച്ച് ആർത്ത് സന്തോഷിച്ചാണ് ജീവിച്ചിരുന്നത്. ഒരു പണിയും ചെയ്യാൻ അവൻ തയ്യാറായിരുന്നില്ല. ഓരോ ദിവസം കഴിയുന്തോറും അവൻ കൂടുതൽ മടിയനായിത്തീർന്നു. അങ്ങനെയിരിക്കെ മഴക്കാലത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. മൃഗങ്ങളെല്ലാം മഴക്കാലത്തേക്ക് ആഹാരം ശേഖരിക്കലും കൂട് നിർമ്മിക്കലുമായി തിരക്കിലായി. എന്നാൽ പച്ചത്തുള്ളൻ ഇതിലൊന്നും ശ്രദ്ധിച്ചില്ല. അവൻ തന്റെ കൂടെ കളിക്കാൻ എല്ലാ മൃഗങ്ങളെയും വിളിച്ചു. മരത്തിലൂടെ വേഗത്തിലോടുന്ന അണ്ണാൻകുഞ്ഞിനെ കണ്ടപ്പോൾ അവന് സന്തോഷമായി. അവൻ അണ്ണാൻ കുഞ്ഞിനെ കളിക്കാൻ വിളിച്ചു. "വരു നമുക്ക് മരിച്ചില്ലയിൽ ചാടിക്കളിക്കാം. നല്ല രസമായിരിക്കും. ഞാൻ നിനക്ക് നല്ല പാട്ടുകൾ പാടിത്തരാം. പച്ചത്തുള്ളൻ പറഞ്ഞു. "അയ്യോ എനിക്ക് ഇപ്പോൾ തീരെ സമയം ഇല്ല. മഴക്ക് മുമ്പ് എനിക്ക് ധാരാളം ആഹാരം ശേഖരിക്കേണ്ടതുണ്ട് നീ മറ്റാരെയെങ്കിലും വിളിക്കൂ." അണ്ണാൻ ഓടി മറഞ്ഞു.

അപ്പോഴാണ് മുറ്റത്തെ ചാമ്പമരത്തിലിരുന്ന് എന്തോ കൊത്തിപ്പറിക്കുന്ന വാലാട്ടിക്കിളിയെ പച്ചത്തുള്ളൻ കണ്ടത്. ഇവൾ എന്റെകൂടെ കളിക്കാൻ തീർച്ചയായും വരും. പച്ചത്തുള്ളൻ വാലാട്ടിക്കിളിയുടെ അടുത്തേക്ക് ചെന്നു. ചകിരിനാരും ചുള്ളിക്കമ്പുകളും ഉപയോഗിച്ച് കൂടുണ്ടാക്കുന്ന തിരക്കിലായിരുന്നു വാലാട്ടിക്കിളി. മഴ വരുന്നതിനുമുമ്പ് കൂടിന്റെ പണി തീർക്കണമെന്നും അല്ലെങ്കിൽ കുഞ്ഞുങ്ങൾ നനഞ്ഞ് ചത്തുപോകും എന്നും വാലാട്ടിക്കിളി പച്ചത്തുള്ളനോട് പറഞ്ഞു. ആരും കൂടെ കളിക്കാൻ ഇല്ലാത്തതിനാൽ പച്ചതുള്ളൻ തന്റെ കൂട്ടിൽ ചെന്ന് ഉറങ്ങാൻ തുടങ്ങി.

എന്നാൽ കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ മാനം കറുത്തിരുണ്ടു. വലിയ ശബ്ദത്തോടെ ഇടി മുഴങ്ങി. ചൂളം വിളിച്ച് കാറ്റ് പാഞ്ഞെത്തി. ചരൽ വാരിഎറിയുന്നതുപോലെ കാട്ടിലെങ്ങും മഴപെയ്യാൻ തുടങ്ങി. അണ്ണാൻ താൻ ശേഖരിച്ചുവച്ച ആഹാരം കഴിച്ച് സുഖമായി തന്റെ കൂട്ടിലിരുന്ന് മഴ ആസ്വദിച്ചു. വാലാട്ടിക്കിളി ചാമ്പമരത്തിലെ തന്റെ കൂട്ടിൽ സുരക്ഷിതമായി താമസിച്ചു. പച്ചത്തുള്ളനോ? അവന്റെ കൂട് കാറ്റിലും മഴയിലും നനഞ്ഞ് കുതിർന്ന് നശിച്ചുപോയി. വിശപ്പ് സഹിക്കാൻ വയ്യാതെ അവൻ കരയാൻ തുടങ്ങി. ആരുണ്ട് ഈ മടിയനെ സഹായിക്കാൻ? ആരും വന്നില്ല. തന്റെ മടിയാണ് ഇതിനെല്ലാം കാരണമെന്ന് അവന് മനസ്സിലായി ഇനി മേലിൽ മടികാണിക്കില്ലെന്ന് അവൻ തീരുമാനിച്ചു.

മടിയന്മാരെക്കുറിച്ച് നമ്മോട് ദൈവവചനം എന്താണ് പറയുന്നത്. "മടിയുള്ള കൈകൊണ്ടു പ്രവർത്തിക്കുന്നവൻ ദരിദ്രനായ്തീരുന്നു; ഉത്സാഹിയുടെ കയ്യോ സമ്പത്തുണ്ടാക്കുന്നു". (സദൃശവാക്യങ്ങൾ 10:4)

സദൃശവാക്യങ്ങൾ 6:6–12 വരെയുള്ള വാക്യങ്ങളിലും 12:24, 27 വാക്യങ്ങളിലും മടിയനെക്കുറിച്ചും അവന്റെ ഗതിയെക്കുറിച്ചും ദൈവം നമുക്ക് മുന്നറിയിപ്പ് തരുന്നു.

ഈ കഥയിൽനിന്ന് നാം എന്താണ് പഠിക്കുന്നത്. നാം മടിയന്മാരാകാതെ ഉത്സാഹമുള്ളവരായിരിക്കണം. പാഠഭാഗങ്ങൾ മടികൂടാതെ അന്നന്ന് തന്നേ പഠിക്കണം. ദൈവവചനം കേൾക്കാനും വായിക്കാനും പഠിക്കാനും ഉത്സാഹം കാണിക്കണം. അപ്പോൾ സകല നന്മകളും അനുഗ്രഹങ്ങളും ദൈവം നമുക്കു നൽകും.

# മെയ്

| MORNING FELLOWSHIP<br>എല്ലാ ദിവസവും | HINDI : 5.00 am – 6.15 am<br>ID https://meet.google.com/gdhnyycvjy | MALAYALAM : 5.40 am – 6.40 am<br>ID https://meet.google.com/iibyyvdseq |
|---|---|---|

# ഓൺലൈൻ പ്രോഗ്രാമുകൾ

## ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.

**Meeting ID : iibyyvdseq**

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

**എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm**
**അല്ലപ്ര മിഷൻസെന്ററിൽ വെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.**

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01.05.2025 | വ്യാഴം | 6 pm - 9.15 pm | 18–ാമത് സ്ഥാപകദിനവും, കുടുംബസംഗമവും | മിഷൻ സെന്റർ |
| 02.05.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റംഗ് (നസ്റേത്ത്) | മഴുവന്നൂർ (ചേലക്കാട്ട് ശ്രീ. സി. കെ. എബ്രഹാമിന്റെ ഭവനം) |
| 03.05.2025 | ശനി | 10 am - 12 noon | ഉപവാസ പ്രാർത്ഥന | മിഷൻ സെന്റർ |
| 10.05.2025 | ശനി | 7 pm - 9 pm | യൂണിറ്റ് മീറ്റംഗ് (ഗത്സമേൻ) | കുറുപ്പംപടി (പറവേലിക്കുടി ശ്രീ. പി. പി. പൗലോസിന്റെ ഭവനം) |
| | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻ സെന്റർ |
| 16.05.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റംഗ് (ഹോറേബ്) | മാറാടി (വെള്ളിയാംകുഴിയിൽ ശ്രീ. ബിജു പൗലോസിന്റെ ഭവനം) |
| 17.05.2025 | ശനി | 10 am - 12 noon | ഉപവാസ പ്രാർത്ഥന | മിഷൻ സെന്റർ |
| 24.05.2025 | ശനി | 10 am - 12 noon | ഉപവാസ പ്രാർത്ഥന | മിഷൻ സെന്റർ |
| 30.05.2025 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റംഗ് (സീനായ്) | മേതല (ചുള്ളിങ്ങൽ ശ്രീ. സി. സി. ജോസഫിന്റെ ഭവനം) |
| 31.05.2025 | ശനി | 10 am - 12 noon | ഉപവാസ പ്രാർത്ഥന | മിഷൻ സെന്റർ |

ക്രിസ്തീയ
കുടുംബം - 4



പ്രൊഫ. ജോൺ
സഖറിയ

# കുടുംബം-അടിസ്ഥാനതത്വങ്ങൾ

**സാമൂഹ്യ ബന്ധത്തിന്റെ അടിത്തറ**

ദൈവം സ്ഥാപിച്ച ആദ്യ സ്ഥാപനമാണ് വിവാഹം. വിവാഹത്തിലൂടെയാണ് കുടുംബബന്ധത്തിൽ പ്രവേശിക്കുന്നത്. ഒരു കുടുംബത്തിൽ വിവാഹിതരാകുന്ന സ്ത്രീപുരുഷന്മാരെ കൂടാതെ ഇരുവരുടെയും രക്തബന്ധത്തിലുള്ളവരും അല്ലാത്ത ചിലരും ഉൾപ്പെടുന്നു. വിവാഹിതരാകുന്ന സ്ത്രീയും പുരുഷനും മാത്രമുള്ള ലോകമല്ല കുടുംബം. അവരുടെ മക്കൾ, ദത്തെടുത്ത മക്കൾ, മാതാപിതാക്കൾ, സഹോദരങ്ങൾ തുടങ്ങിയവർ ഒരു കുടുംബത്തിൽ പെടും.

അവരൊക്കെയും തമ്മിൽ തമ്മിൽ സ്നേഹം, സഹകരണം, കൈത്താങ്ങൽ ഇവ അന്യോന്യം നൽകുന്നത് കൂടാതെ അനുഭവങ്ങളും വകകളും വൈകാരികസഹായങ്ങളും മൂല്യങ്ങളും വിശ്വാസങ്ങളും മറ്റും പങ്കിടുകയും ചെയ്യുന്നതാണ് കുടുംബം.

സ്നേഹമുള്ള, സംതൃപ്തമായ കുടുംബങ്ങൾ അതുപോലെയുള്ള നല്ലൊരു സമൂഹത്തെ കെട്ടിപ്പടുക്കും; അതുപോലുള്ള ഒരു രാഷ്ട്രത്തെയും കെട്ടിപ്പടുക്കാം

**അണുകുടുംബം**

മാതാപിതാക്കളും മക്കളും ദത്തെടുത്ത മക്കളും ഒരു പക്ഷേ മരുമക്കളും മാത്രം ഉൾപ്പെടുന്ന കുടുംബം.

**വിശാല കുടുംബം**

ഭാര്യയുടെയും ഭർത്താവിന്റെയും മാതാപിതാക്കൾ, സഹോദര കുടുംബങ്ങൾ, ഉറ്റ ചാർച്ചക്കാർ തുടങ്ങിയവർ ചേർന്നുള്ളത്. ഭാര്യാഭർത്താക്കന്മാർ പുനർവിവാഹിതരെങ്കിൽ ഇരുവരുടെയും മുൻബന്ധത്തിലുള്ള മക്കളും ബന്ധുക്കളും ഈ വിശാല കുടുംബത്തിൽ പെടും. അവരെല്ലാവരും ഒരു ഭവനത്തിൽ തന്നെ താമസിക്കണം എന്നില്ല.

**കുടുംബത്തെപ്പറ്റിയുള്ള ദൈവിക ലക്ഷ്യം**

ദൈവം മനുഷ്യനെ സാമൂഹ്യ ജീവിയായിട്ടാണ് സൃഷ്ടിച്ചത്. മാനുഷിക ബന്ധങ്ങളിലൂടെ സ്നേഹ സൗഹൃദങ്ങളും നന്മകളും പങ്കിട്ട് കൂടുതൽ സംതൃപ്തമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിൽ പങ്കാളിത്തം വഹിക്കുവാൻ ദൈവം മനുഷ്യനെക്കുറിച്ച് ആഗ്രഹിക്കുന്നു എന്നതാണ് ഒന്നാമത്തെ ലക്ഷ്യം.

മാത്രമല്ല ക്രിസ്തുവിന്റെ വീണ്ടെടുപ്പ്മൂലം രൂപപ്പെടുന്ന ക്രിസ്തീയ സഭയും യേശുക്രിസ്തുവുമായുള്ള ബന്ധത്തിന്റെ ഒരു നിഴലാണ് ഭൗമിക കുടുംബം എന്ന് എഫെ. 5:22-33 വരെയുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. കാലത്തികവിൽ ഉളവാകുന്ന ഈ ബന്ധം മനുഷ്യനെ (ആദം, ഹവ്വ) കുടുംബം ആക്കുമ്പോൾ തന്നെ ദൈവിക പദ്ധതിയിൽ ഉണ്ടായിരുന്നു എന്ന മഹത്തായ സത്യം നാം മനസ്സിലാക്കിയിരിക്കണം.

ദൈവിക പദ്ധതികളെ അട്ടിമറിക്കാൻ ആഗ്രഹിക്കുന്ന, ദൈവിക പദ്ധതിയിൽനിന്ന് വേർവിട്ടു പോയ പിശാചും കൂട്ടരും ഏറ്റവും കൂടുതൽ ആക്രമിക്കുന്നത് അതുകൊണ്ടുതന്നെ കുടുംബങ്ങളെയാണ്.

ആയതിനാൽ, പുതിയനിയമ വിശ്വാസികളായവർ, ക്രിസ്തു വിശ്വാസികൾ മറ്റുള്ളവരെക്കാൾ ഉന്നതമായ ഒരു ആദർശത്തിൽ ആയിരിക്കണം വിവാഹത്തെ, കുടുംബത്തെ ദർശിക്കേണ്ടത്.

**കുടുംബം - സാമൂഹ്യ കാഴ്ചപ്പാട്**

വ്യത്യസ്ത ശാരീരിക മാനസിക ചിത്തവൃത്തികളോടെയാണ് ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചത്. അവർ പരസ്പരം ആകൃഷ്ടരാകുന്നതിനും പരസ്പരപൂരകം ആയി ജീവിക്കുന്നതിനും വേണ്ടിയാണ് വ്യത്യസ്തമായി സൃഷ്ടിക്കപ്പെട്ടത്. അപ്രകാരമുള്ള ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിൽ യോജിക്കുന്ന, എല്ലാവിധത്തിലും കൂട്ടാളിയാകുന്ന, അവസ്ഥയാണ് വിവാഹം. വിവാഹിതരാകുന്നവർ തമ്മിൽ മാത്രമാണ് ലൈംഗികബന്ധം ദൈവം വിധിച്ചിട്ടുള്ളത്.

എന്നാൽ പൊതുസമൂഹത്തിൽ വിവാഹിതരാകുന്നവർ ശാരീരിക (ലൈംഗിക) ബന്ധത്തിനു വേണ്ടിയോ ജഡോല്ലാസത്തിനു വേണ്ടിയോ പുറമേയുള്ള സൗന്ദര്യം നോക്കിയോ ജീവിതപങ്കാളിയെ തെരഞ്ഞെടുത്തേക്കാം. മറ്റുചിലർ ഭൗതിക ധനസമ്പാദനത്തിന് വേണ്ടിയോ ചില കുടുംബങ്ങളോടോ വ്യക്തികളോടോ ഉള്ള സാമൂഹ്യബന്ധം മാത്രം നോക്കിയോ (മാനം) തെരഞ്ഞെടുപ്പുകൾ നടത്തിയേക്കാം. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ജീവിതയാത്രയിൽ ഒരു കൂട്ടാളിയെ ലഭിക്കാനും ഭൗതികലോകത്തിൽ സുരക്ഷിതത്വം ഉണ്ടാകുന്നതിനും സാമൂഹ്യമായ പ്രതീക്ഷകളുടെ സാക്ഷാത്കാരത്തിന്‌വേണ്ടിയും സാമ്പത്തിക, വൈകാരിക സുരക്ഷിതത്വത്തിന് വേണ്ടിയും വിവാഹിതരാകാം. കുടുംബം കെട്ടുപണിചെയ്ത് കുഞ്ഞുങ്ങളെ വളർത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ സമൂഹത്തിന് നന്മക്കായി ജീവിക്കുന്നതിനുവേണ്ടിയും ആകാം. ഒരുപക്ഷേ അന്യോന്യം ബഹുമാനിക്കുന്നതിനും ഏകാന്തതയെ അതിജീവിക്കുന്നതിനും മൂല്യങ്ങളെ പങ്കിടുന്നതിനും ജീവിതത്തെ ഒരുമിച്ച് കെട്ടുപണി ചെയ്യുന്നതിനും ആയിരിക്കാം വിവാഹ പങ്കാളിയെ തെരഞ്ഞെടുക്കുന്നത്.

കുടുംബത്തിൽനിന്നുള്ള സമ്മർദ്ദഫലമായും സാംസ്കാരിക പ്രതീക്ഷകൾക്കും കൊച്ചുമക്കളെ ലഭിക്കുന്നതിനും പാരമ്പര്യമനുസരിച്ച്, ആചാരമനുസരിച്ച് വിവാഹിതരാകുവാൻ പ്രേരിപ്പിക്കപ്പെടുന്നവരും ഉണ്ട്.

ഇവയിൽ പലതും അവയിൽത്തന്നെ തെറ്റില്ലാത്തതായിരിക്കാം; മാനുഷിക ചിന്താഗതികൾക്കും ബുദ്ധിക്കും നിരക്കുന്നതായിരിക്കാം. എന്നാൽ പ്രതീക്ഷകളും താത്പര്യങ്ങളും വിചാരിച്ചതുപോലെ നടക്കാതെവരുമ്പോൾ മാനസ്സിക തകർച്ചകളും ബന്ധങ്ങളിലുള്ള തകർച്ചകളും മാത്രമല്ല വിദ്വേഷപ്രകൃതികളും അന്യോന്യം മനസ്സിലാക്കിയും അല്ലാതെയും ഉള്ള വൈരുദ്ധ്യ, വിരോധ പ്രവർത്തനങ്ങളും തത്ഫലമായി വിവാഹമോചനത്തിലേക്കോ കൊലപാതകങ്ങളിലേക്കോ പരപുരുഷ (സ്ത്രീ) ബന്ധങ്ങളിലേക്കോ അധാർമ്മിക പ്രവർത്തികളിലേക്കോ എത്തിപ്പെടുന്നത് ഇന്ന് സമൂഹത്തിൽ ദർശിക്കാം - ക്രിസ്തീയ കുടുംബങ്ങളിൽ വരെ. അങ്ങനെ ദൈവം സ്ഥാപിച്ച പാവന കുടുംബബന്ധം നാശത്തിൽ ചെന്നെത്തുന്നു.

**കുടുംബം - ക്രിസ്തീയ വീക്ഷണം**

മേൽപ്പറഞ്ഞ അവസ്ഥക്കുള്ള പരിഹാരം ക്രിസ്തീയ വീക്ഷണത്തിലുള്ള വിവാഹബന്ധം, കുടുംബബന്ധം മാത്രമാണ്. അതിനുള്ള ഏറ്റവും അടിസ്ഥാന പ്രമാണം ഒരുവൻ യഥാർത്ഥ ക്രിസ്ത്യാനിയായിത്തീരുക; മാത്രമല്ല അങ്ങനെ അനുഭവമുള്ള ഒരു വ്യക്തിയെ മാത്രം ജീവിതപങ്കാളിയായി സ്വീകരിക്കുക എന്നതത്രേ. "അവിശ്വാസികളോടു ഇണയല്ലാപ്പിണ കൂടരുത്" എന്നർത്ഥം (2 കൊരി 6:14)

**ആരാണ് യഥാർത്ഥ ക്രിസ്ത്യാനി?**

വേദപുസ്തകത്തിൽ അങ്ങനെയുള്ള വ്യക്തിയെ വിശ്വാസി, ദൈവമക്കൾ, ആത്മീകർ എന്നൊക്കെ സംബോധനചെയ്യുന്നു (യോഹ. 1:12; 2 കൊരി. 6:14-17). ഒരു ക്രിസ്തീയ ഭവനത്തിൽ ജനിച്ചതു കൊണ്ടോ പള്ളിയിൽ പോകുന്നതു കൊണ്ടോ വേദപുസ്തകം വായിക്കുന്നതു കൊണ്ടോ ഇങ്ങേയറ്റം യേശുവിനെക്കുറിച്ച് പ്രസംഗിക്കുന്നതു കൊണ്ടോ ഒരുവൻ യഥാർത്ഥ ക്രിസ്ത്യാനിയായിത്തീരുന്നില്ല. യെഹൂദ മതപണ്ഡിതൻ ആയി ദൈവവചനം പഠിപ്പിച്ചുകൊണ്ടിരുന്ന നിക്കോദേമൊസിനോട് യേശു പറഞ്ഞു: "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല" എന്ന് (യോഹ. 3:3). ദൈവരാജ്യത്തിൽ കടക്കുന്നവർ ദൈവമക്കൾ അത്രേ. "അവനെ (യേശുവിനെ) കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും (ആണ്) ദൈവമക്കൾ ആകുവാൻ അവൻ (യേശു) അധികാരം കൊടുത്തിരിക്കുന്നത്" (യോഹ. 1:12). "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു"(1 യോഹ. 1:9).

(ശേഷം പേജ് 14 - ൽ)



Dr. ബേസിൽ
ജോർജ്ജ്

# ആസക്തിയുടെ ലക്ഷണങ്ങൾ

"ആർക്കു കഷ്ടം, ആർക്കു സങ്കടം, ആർക്കു കലഹം? ആർക്ക് ആവലാതി, ആർക്ക് അനാവശ്യമായ മുറിവുകൾ, ആർക്കു കൺചുവപ്പ്? വീഞ്ഞ് കുടിച്ചുകൊണ്ടു നേരം വൈകിക്കുന്നവർക്കും മദ്യം രുചിനോക്കുവാൻ പോകുന്നവർക്കും തന്നേ". (സദൃശവാക്യങ്ങൾ 23:29, 30)

ഒരു വ്യക്തി ലഹരിക്ക് അടിമയാണോ എന്ന് സ്വയമറിയുന്നതിന് സഹായകരമായ ചില ലക്ഷണങ്ങൾ നമുക്ക് പരിശോധിക്കാം.

ഒന്നാമതായി ആസക്തിയുടെ ലക്ഷണം ആത്മനിയന്ത്രണം ഇല്ലായ്മയാണ്. എന്തിനോടാണോ ആസക്തി, അത് വേണ്ട എന്ന്വെക്കാൻ കഴിയാത്ത അവസ്ഥ. ബൈബിളിലെ ശിംശോൻ ഉത്തമ ഉദാഹരണമാണ്. ലൈംഗിക ആസക്തിക്ക് അടിമയായ ശിംശോൻ ദലീല തന്നെ കുടുക്കുവാൻ ശ്രമിക്കുകയാണ് എന്ന് തിരിച്ചറിഞ്ഞിട്ടും വീണ്ടും അവളുടെ മടിയിൽ തലവെക്കുന്ന ശീലം തുടരുകയാണ്. അവൾ അവന്റെ ശക്തിയുടെ രഹസ്യം ചോർത്തുവാൻ തുടർമാനമായി പരിശ്രമിക്കുമ്പോഴും അവന്റെ ആസക്തി അവനെ രക്ഷപെടാൻ അനുവദിച്ചില്ല. താൻ അപകടത്തിലാണ് എന്ന് തിരിച്ചറിഞ്ഞിട്ടും അവന് ആ ശീലം ഉപേക്ഷിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ അവൻ തന്റെ ശക്തിയുടെ രഹസ്യം അവളുടെ മുമ്പിൽ വെളിപ്പെടുത്തി സ്വയം അപകടത്തിലേക്ക് പോയി.

സദൃശവാക്യങ്ങൾ 6:25, 26ൽ പറയുന്നത്: "അവളുടെ സൗന്ദര്യത്തെ നിന്റെ ഹൃദയത്തിൽ മോഹിക്കരുത്; അവൾ കണ്ണിമകൊണ്ട് നിന്നെ വശീകരിക്കയുമരുത്. വേശ്യാസ്ത്രീനിമിത്തം പെറുക്കിത്തിന്നേണ്ടിവരും; വ്യഭിചാരിണി വിലയേറിയ ജീവനെ വേട്ടയാടുന്നു." ശലോമോന്റെ ഈ ഉപദേശം ശിംശോൻ കൈക്കൊണ്ടിരുന്നെങ്കിൽ അവന് ഈ വലിയ കെണിയിൽനിന്നും രക്ഷപ്പെടാമായിരുന്നു.

ലഹരിവസ്തുക്കൾ തനിക്ക് ദോഷകരമാണെന്ന് അറിയാമെങ്കിലും അത് ഉപയോഗിക്കില്ല എന്ന് സത്യംചെയ്താൽപ്പോലും വീണ്ടും അതിന്റെ ഉപയോഗത്തിലേക്ക് വഴുതിവീഴുന്നവർ; മൊബൈൽ ഫോൺ അഡിക്ഷൻ ഉള്ള ആളുകൾക്ക് എത്രപ്രാവശ്യം ഹൃദയത്തിൽ തീരുമാനിച്ചാലും പിന്നെയും പിന്നെയും ഫോണെടുത്ത് പരിശോധിക്കുന്ന അവസ്ഥ; ഇവയൊക്കെ ആത്മനിയന്ത്രണം ഇല്ലാത്തതിന്റെ അടയാളങ്ങളാണ് അഥവാ ലഹരിക്ക് അടിമയാണെന്ന് വെളിവാക്കുന്ന സ്വഭാവമാണ്.

രണ്ടാമത്തെ ലക്ഷണം സാമൂഹിക ഇടപെടലിൽ ഉണ്ടാകുന്ന കുറവ്. എപ്പോഴും ഒറ്റക്കിരിക്കാൻ ഇഷ്ടപ്പെടുകയും വാതിലടച്ച് മുറിയിൽ ഇരിക്കുകയും ചെയ്യും. വീട്ടിൽ അതിഥികൾ വന്നാലും വാതിൽ തുറന്നു പുറത്തേക്ക് വരികയോ അവരോട് ഇടപഴകുകയോ ചെയ്യാൻ ഇഷ്ടപ്പെടുന്നില്ല. പോണോഗ്രാഫിക്ക് അടിമയായ ഒരു വ്യക്തിയിൽ ഈ ലക്ഷണം പ്രകടമായിരിക്കും. ടീനേജ്പ്രായത്തിൽ ഉള്ള കുട്ടികൾ മൊബൈൽ ഫോണിന് അഡിക്റ്റ് ആവുകയും മാതാപിതാക്കളുമായും കുടുംബാംഗങ്ങളുമായും ബന്ധമില്ലാത്തവരായി ഒറ്റക്ക് ഇരുന്നാൽ അതൊരു ലക്ഷണമാണ്.

മൂന്നാമതായി എന്തൊക്കെ അനന്തരഫലങ്ങൾ ഉണ്ടെങ്കിലും അവയെ അവഗണിച്ചുകൊണ്ട് പിന്നെയും തന്റെ ശീലങ്ങൾ തുടരും. വീട്ടിൽ ഭക്ഷണംകഴിക്കാൻ ഇല്ലെങ്കിലും ലഹരിക്ക്വേണ്ടി പണം ചെലവാക്കുകയും അതിൽ മുഴുകി ജീവിക്കുകയും ചെയ്യും. HIV പോലെയുള്ള സാഹചര്യങ്ങൾ ഉണ്ടെങ്കിലും മയക്കുമരുന്ന് ഉപയോഗിക്കുവാൻ സിറിഞ്ചും സൂചിയും പങ്കുവെക്കും. പരീക്ഷക്ക് പഠിക്കേണ്ട അവസാന നിമിഷങ്ങളിലും മൊബൈലിൽ വീഡിയോ ഗെയിം കളിച്ചുകൊണ്ട് സമയംകളയുന്ന സാഹചര്യം.

നാലാമതായി കൂടുതൽ ലഹരിവസ്തുക്കളോ സ്ക്രീൻ ടൈമോ ആവശ്യമായി വരിക. ഇന്നലെ ഉപയോഗിച്ചത്രയും മദ്യം ഇന്ന് ഉപയോഗിച്ചാൽ തൃപ്തിവരാത്ത ഒരു സാഹചര്യം ഉണ്ടെങ്കിൽ അത് ലഹരിക്ക് അടിമയാണെന്നുള്ളതിന്റെ ലക്ഷണമാണ്. ഒരു ഗവേഷണം പറയുന്നത് എട്ടു വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ അവധിക്കാലത്ത് ശരാശരി 9 മണിക്കൂർ സ്ക്രീനിൽ നോക്കുന്നു എന്നാണ്. അവയുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. അവധിക്കാലത്ത് ഈ നിലയിൽ ഫോൺ ഉപയോഗിക്കുന്ന കുട്ടികൾക്ക് അധ്യയനവർഷാരംഭത്തിൽ തന്നേ പഠിക്കുവാൻ കഴിയാത്ത, ഏകാഗ്രതയില്ലാത്ത സാഹചര്യം കടന്നുവരും.

മേൽപ്പറഞ്ഞ 4 പ്രാഥമിക ലക്ഷണങ്ങൾ ആസക്തിയുടെ അളവുകോലായി സ്വയം ഉപയോഗിക്കുവാൻ സാധിക്കും. ആസക്തിയിൽനിന്നും രക്ഷപ്പെടാനുള്ള ഏറ്റവും നല്ല മാർഗ്ഗം അവയിൽ അകപ്പെടാതിരിക്കുക എന്നതാണ്. ഏതെങ്കിലും ഒരു ചീത്ത ശീലം ജീവിതത്തിൽ ഉണ്ടെങ്കിൽ അത് മുളയിലേ നുള്ളിക്കളയുക. ഒരു കൗതുകത്തിന് വേണ്ടിയോ സൗഹൃദങ്ങൾക്ക് വേണ്ടിയോ ചീത്ത ശീലങ്ങൾ പരീക്ഷിക്കാതിരിക്കുന്നതാണ് ഏറ്റവും നല്ലത്.

●●●

(പേജ് 12 – ൽ നിന്നും)

"യേശുവിനെ കർത്താവു എന്ന് വായികൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും; ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കയും വായികൊണ്ട് രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു" (റോമ. 10:9,10). ഫിലിപ്പിയയിലെ ജയിലിൽ കിടന്ന പൌലൊസിനോടും ശീലാസിനോടും: "യജമാനന്മാരേ രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം" എന്ന് ജയിൽ പ്രമാണി ചോദിച്ചപ്പോൾ "കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്ന് അവർ പറഞ്ഞു"(അപ്പൊ. പ്ര. 16:31).

ചുരുക്കിപ്പറഞ്ഞാൽ "ഞാൻ ഒരു പാപിയാണെന്നും പാപത്തിന്റെ ശമ്പളം മരണം (ദൈവത്തിൽ നിന്നുള്ള വേർപാട്) ആണെന്നും യേശുക്രിസ്തു എന്റെ പാപത്തിന്റെ പരിഹാരത്തിനായി മരിച്ചു എന്നും ആ വിശ്വാസത്തിൽ ഞാൻ എന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചാൽ കർത്താവ് എന്നോട് ക്ഷമിക്കുമെന്നും അങ്ങനെ യേശുവിനെ എന്റെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചാൽ ഞാൻ ദൈവപൈതൽ ആകുമെന്നും ക്രിസ്തു തന്റെ ആത്മാവിൽ എന്നിൽ വസിച്ച് എന്നെ ഒരു പുതിയ സൃഷ്ടിയാക്കും എന്നും" ഉള്ള വിശ്വാസം, അനുഭവം പ്രാപിച്ചവൻ ആണ് യഥാർത്ഥ ക്രിസ്ത്യാനി അഥവാ വിശ്വാസി. ഇതാണ് രക്ഷിക്കപ്പെടുന്ന അവസ്ഥ. (2 കൊരി. 5:17; റോമ. 8:10,11).

ഇപ്രകാരമുള്ള ആത്മീയ അനുഭവത്തിൽ ആകുന്ന ഒരു വ്യക്തി ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഒരു പുതിയ കാഴ്ചപ്പാടുള്ള ആത്മീകൻ ആയിരിക്കും. ആ വ്യക്തി ജീവിതത്തിൽ എടുക്കുന്ന എല്ലാ തീരുമാനങ്ങളും – വിവാഹജീവിതം/കുടുംബജീവിതം ഉൾപ്പെടെ – സാമൂഹ്യ കാഴ്ചപ്പാട് അനുസരിച്ച് ആയിരിക്കുകയില്ല; ദൈവവചനം അനുസരിച്ചായിരിക്കും. അങ്ങനെയുള്ള ഒരു വ്യക്തി ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നത് എങ്ങനെയെന്ന് അടുത്ത ലക്കത്തിൽ നമുക്ക് പഠിക്കാം.

(തുടരും)

●●●



വനിതാ
വിചാരം



സോജ ടോണി

# വിളക്കുകൾ

**തു**ടർച്ചയായി കൂടുതൽ സമയത്തേക്ക് വെളിച്ചം ഉണ്ടാകുവാനായി മനുഷ്യൻ കണ്ടുപിടിച്ച മാർഗ്ഗമാണ് വിളക്ക്. വിവിധതരം എണ്ണകളിൽ നിമജ്ജനം ചെയ്ത തിരികളുടെ തലക്കൽ തീ കൊളുത്തിയാണ് ഇവ തയ്യാറാക്കുന്നത്. തീനാളം കഴിയുന്നത്ര അചഞ്ചലവും സ്ഥിരവുമായി കെടാതെ നിർത്താൻ വിളക്കുകൾക്ക് കഴിയുന്നു. ദീപനാളത്തിന്റെ ശോഭ കാരണം വിളങ്ങുന്നത് എന്ന അർത്ഥത്തിലാണ് വിളക്ക് എന്ന വാക്കുണ്ടായത്. വിളക്കിൽ എണ്ണ ഉണ്ടെങ്കിൽ മാത്രമേ വിളക്കിന്റെ പ്രകാശം നിലനിൽക്കുകയുള്ളൂ.

നമ്മുടെ ജീവിതത്തിന്റെ ഇരുട്ടിൽ പ്രകാശമായി ഉദിച്ചതാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു. "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു. അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു" (യെശയ്യാവ് 9:2). "എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെ മേൽ ഉദിച്ചിരിക്കുന്നു" (യെശയ്യാവ് 60:1). നാം ലോകത്തിന്റെ വെളിച്ചമാണ് എന്നാണ് ക്രിസ്തു അരുളിച്ചെയ്തിരിക്കുന്നത്. നമ്മുടെ ജീവിതത്തിൽ വെളിച്ചം ഉണ്ടോ? നാം അനേകരുടെ ജീവിതത്തിലെ ഇരുട്ട് അകറ്റുന്നവരാണോ ഒന്ന് സ്വയം ശോധനചെയ്യണമെ.. വിളക്കിലെ എണ്ണയെപ്പറ്റി നാം ചിന്തിക്കുമ്പോൾ പെട്ടെന്ന് നമ്മുടെ മനസ്സിലേക്ക് ഓടിവരുന്നത് വിശുദ്ധ മത്തായി എഴുതിയ സുവിശേഷത്തിലെ പത്തു കന്യകമാരുടെ ഉപമയാണല്ലോ. 25:3ൽ ബുദ്ധിയില്ലാത്തവർ വിളക്കു എടുത്തപ്പോൾ എണ്ണ എടുത്തില്ല. നാം ഈ ഉപമ പഠിക്കുമ്പോൾ പത്തു കന്യകമാരും മണവാളനെ എതിരേൽപ്പാൻ ഒരുങ്ങിയിരിക്കുന്നവരാണെന്ന് തോന്നാം. എന്നാൽ പ്രിയരെ, അഞ്ചു പേർ മാത്രമേ എണ്ണ കരുതിയിരുന്നുള്ളൂ. എണ്ണയില്ലെങ്കിൽ വിളക്ക് ഉപയോഗശൂന്യമാണെന്ന് നമുക്കറിയാം. വിളക്കിന്റെ പുറംഭാഗം മോടിയുള്ളതായിരിക്കാം. എന്നാൽ നാം ശ്രദ്ധിക്കേണ്ടത് അതല്ല, വിളക്കിനുള്ളിൽ എന്താണ്? എന്നതിലാണ്. അതിൽ എണ്ണയുണ്ടോ? ഉപയോഗിക്കാൻ പറ്റുമോ?

എണ്ണ വിശുദ്ധ ബൈബിളിൽ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. നാം പരിശുദ്ധാത്മാവിൽ നിറഞ്ഞവരാണോ? കർത്താവ് തന്റെ വിലയേറിയ രക്തം നൽകി നമ്മെ വിലക്കു വാങ്ങിയപ്പോൾ നമുക്ക് ദാനമായി തന്നതാണ് പരിശുദ്ധാത്മാവിനെ. "നിങ്ങളോ, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നുവരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവന്നുള്ളവനല്ല" (റോമർ 8:9) പ്രിയരെ, നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവാകുന്ന എണ്ണ നിറയപ്പെടുന്നില്ലെങ്കിൽ നമ്മുടെ ക്രിസ്തീയ ജീവിതം അർത്ഥശൂന്യമാണ്. ജീവിതത്തെ കൂടുതലായി പരിശുദ്ധാത്മാവിന് സമർപ്പിക്കുക. അതിലൂടെ നമ്മുടെ ഹൃദയത്തെ നിറക്കാനും പുതുക്കാനും ശക്തിപ്പെടുത്താനും പരിശുദ്ധാത്മാവിനു കഴിയും. തുടർച്ചയായ വളരെ ആരാധനയും പ്രാർത്ഥനയും പരിശുദ്ധാത്മാവ് നിറയപ്പെടലിന് വളരെ ആവശ്യമാണ്. ലോകത്തിൽ നാം പ്രകാശിക്കുന്നതിന് ആവശ്യമായ എണ്ണ പരിശുദ്ധാത്മാവ് പകർന്നുതരും.

കർത്താവിന്റെ വരവിനായി ഒരുങ്ങാൻ എണ്ണ ആവശ്യമാണ്. നമ്മുടെ ഉപമയിൽ കൂടുതൽ എണ്ണ എടുത്തവർ അവന്റെ വരവിനായി ഒരുങ്ങിയിരുന്നു വെന്നും തയ്യാറായിരുന്നുവെന്നും വ്യക്തമാണ്. എണ്ണ എടുക്കാത്തവർ ഒരുങ്ങിയിരുന്നുവെന്ന് തോന്നിയെങ്കിലും മണവാളനെ കാണാൻ സാധിച്ചില്ല. നമ്മുടെ സമൂഹത്തിൽ കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നവർ ഉണ്ടാകാം. എന്നാൽ വേണ്ടത്ര എണ്ണ കരുതിയിട്ടുണ്ടാകുമോ? തുടർന്ന് ക്ഷീണിതരായി ഉറങ്ങുന്ന കന്യകമാരെ കാണാം. ആർപ്പുവിളി കേട്ടാണ് അവർ ഉണർന്നത്. തയ്യാറായിരുന്നവർ മണവാളനൊപ്പം വിരുന്നിലേക്ക് പോയി.

"സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിന്നു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്രകൊണ്ടവരെയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ." (1 തെസ്സ. 4: 13-17)

നമ്മുടെ ജീവിതത്തെ ഭയത്തോടെ സമീപിക്കേണ്ട ഒരു മറുപടി ഇവിടെ കേൾക്കാം. "ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. (മത്തായി 25: 13), നാം കർത്താവിനുവേണ്ടി അതു ചെയ്തു, ഇതു ചെയ്തു എന്നൊക്കെയും പറഞ്ഞു ഒരു പക്ഷെ ആശ്വസിക്കുമായിരിക്കും. എന്നാൽ യഥാർത്ഥമായി നമ്മുടെ ജീവിതത്തെ കർത്താവിനു സമർപ്പിച്ചിട്ടുണ്ടോ ക്രിസ്തുവിൽ ഉള്ള ഭാവം തന്നെയാണോ നമ്മളിൽ ഉള്ളത് യേശുവിന്നായി പൂർണ്ണമായി സമർപ്പിച്ചിട്ടുണ്ടെങ്കിൽ കർത്താവ് നമ്മെ അറിയും.

നാം ദൈവത്തോടൊപ്പം യഥാർത്ഥത്തിൽ ആയില്ലെങ്കിൽ തിരിച്ചറിവിലേക്കുള്ള ഒരു വിളിയാണ് പത്തു കന്യകമാരുടെ ഉപമ. നമ്മുടെ ജീവിതമാകുന്ന വിളക്കുകളിൽ എണ്ണയില്ലെങ്കിൽ അതു നിറെക്കുവാനുള്ള ഒരു വിളിയാണ് ഈ ഉപമ. നമ്മുടെ നടപ്പ് ശരിയല്ലെങ്കിൽ ക്രമപ്പെടുത്തുവാനുള്ള വിളിയാണ് ഈ ഉപമ. നാം കർത്താവിന്നായി ഇന്നും ഒരുങ്ങിയിട്ടില്ലെങ്കിൽ നമ്മുടെ ക്രിസ്തീയ ജീവിതം അർത്ഥശൂന്യമാണ്. യേശു ഏതു നിമിഷവും മടങ്ങിവരും. ഒരിക്കലും ഞാൻ നിങ്ങളെ അറിയുന്നില്ല എന്ന ശബ്ദം നമ്മുടെ കാതുകളിൽ മുഴങ്ങിക്കേൾക്കാതിരിക്കട്ടെ. വിളക്കിൽ എണ്ണ നിറെക്കു... ഒരുങ്ങിയിരിക്കൂ... ദൈവം അനുഗ്രഹിക്കട്ടെ.

●●●

# വിദ്യാ കിരൺ യോജന



നമ്മുടെ മിഷനറിമാരുടെയും വിശ്വാസികളുടെയും മക്കൾക്കു ഉന്നത വിദ്യാഭ്യാസവും തൊഴിൽ സാധ്യതയും നേടിക്കൊടുക്കുന്ന ഉപരിപഠനം സാധ്യമാക്കുവാൻ നാം പരിശ്രമിക്കുകയാണ്. കോഴ്സ് ഫീ, ഹോസ്റ്റൽ ഫീ, പുസ്തകങ്ങൾ തുടങ്ങിയ ലക്ഷങ്ങൾ വരുന്ന സാമ്പത്തിക കാരണങ്ങളാൽ തുടർപഠനത്തിന് താല്പര്യവും കഴിവും ഉണ്ടായിട്ടും സാമ്പത്തിക പരാധീനത മൂലം പഠനം സാധിക്കാത്ത ഈ മക്കളുടെ ശുഭ ഭാവിക്കായി പ്രാർത്ഥിക്കാം.

വിദ്യാഭ്യാസത്തിന്റെ അവസരങ്ങൾ നഷ്ടപ്പെട്ട ദരിദ്രരായ മറ്റനേകം ഗ്രാമീണ/ആദിവാസി കുട്ടികളിലേക്ക് ഈ സഹായം എത്തിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

# വെസ്റ്റ് ബംഗാൾ മിഷൻ ഫീൽഡ്



ഉമേഷ് കുമാർ ഹെംബ്രോം
ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്



Br. ആമോസ് ബസ്റ
ഈശ്വരി



ബിക്കി ലോഹാർ,
ദീപ്മാല



Br. രഞ്ജൻ മുർമു
ദീപാലി



Br. സന്തോഷ് മുർമു
സവിത





എബനേസർ ഗോസ്പൽ മിഷൻ ചർച്ച്



Br. മഹേഷ് ടുഡു



Br. രാജൻ മഹാലി,
ഹിമജലിക



Br. മംഗൾ മുർമു
ദുലി








വെസ്റ്റ് ബംഗാളിൽ ദങ്കഷാറ, കട്ടൽഗുരി, ചൽസ, ചെങ്ങ്മാരി, കൊടിയബന്ധർ എന്നിവിടങ്ങളിലാണ് നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. Br. ഉമേഷ് കുമാർ ഹെംബ്രോം, Br. ആമോസ് ബസ്റ, Br. ബിക്കി ലോഹാർ, Br. രഞ്ജൻ മുർമു, Br. സന്തോഷ് മുർമു, Br. മഹേഷ് ടുഡു, Br. രാജൻ മഹാലി, Br. മംഗൾ മുർമു എന്നിവർ വിവിധ ഗ്രാമങ്ങളിലായി കുടുംബമായി സുവിശേഷവേല ചെയ്യുന്നു. സന്താൾ, ഹോ, ബംഗാളി എന്നീ വിഭാഗങ്ങളിൽനിന്നുള്ള വിശ്വാസികൾ ആരാധനക്കായി കടന്നുവരുന്നു. വേലക്കാർക്കായും വിശ്വാസികൾക്കായും വേലയുടെ വളർച്ചക്കായും നമുക്ക് പ്രാർത്ഥിക്കാം.

# 18-ാമത് സ്ഥാപകദിനത്ത


**ഡയറക്ടർ**
ഡോ.വി.പി മത്തായി വാലയിൽ


**സെക്രട്ടറി**
ശ്രീ. സി.സി. ജോസഫ്


**ട്രസ്റ്റ് മെംബർ**
ശ്രീ. എം. ഐസക്ക്


നേതൃത്വ

**മിഷനേഴ്സ്**


അസ്സം


ഛത്തീസ്ഗഡ്



മഹാരാഷ്ട്ര


ഛത്തീസ്ഗഡ്


മദ്ധ്യപ്രദേശ്


രാജസ്ഥാൻ


വെസ്റ്റ് ബംഗാൾ


തമിഴ്നാട്


കർണ്ണാടക


നാഗാലാന്റ്


ഗുജറാത്ത്


ഉത്തർപ്രദേശ്



ജമ്മു


മേഘാ

# ിൽ സ്തോത്രത്തോടെ...



നിരയിൽ



ഹെൽപ്പ് ഇന്ത്യ മിഷൻ സെക്രട്ടറി
ശ്രീ. സി.റ്റി. ഉമ്മൻ



പ്രോഗ്രാം ഓർഗനൈസർ
ശ്രീ. ബേബി ജോർജ്ജ്



സോഷ്യൽ വർക്കർ
ഡോ. നെൽസൻ മാത്യു





ബീഹാർ



ജാർഖണ്ഡ്



കേരളം





ബീഹാർ



അസ്സം



ഒഡീഷ





ആന്ധ്രപ്രദേശ്





ജാർഖണ്ഡ്





മഹാരാഷ്ട്ര



തെലങ്കാന



ഹിമാചൽപ്രദേശ്



അരുണാചൽപ്രദേശ്



ാലയ



പഞ്ചാബ്

ഭാരതത്തിൽ കർത്താവിന്റെ സഭയെ പണിയുവാൻ
ഞങ്ങളോടൊപ്പം അണിചേരൂ! ദൈവം അനുഗ്രഹിക്കട്ടെ.
മിഷനറിമാർ

# മിഷൻഫീൽഡു സന്ദർശനം

## വിമൻസ് ഫെല്ലോഷിപ്പ് അംഗങ്ങൾ ഗ്രാമങ്ങളിലൂടെ

















**ദൈവകൃപയാൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഡയറക്ടർ ഡോ. വി. പി. മത്തായി വാലയിലിന്റെ നേതൃത്വത്തിൽ വിമൻസ് ഫെല്ലോഷിപ്പിലെ 9 അംഗങ്ങൾ മഹാരാഷ്ട്ര, ഛത്തീസ്ഗഢ്, ഒഡീഷ മുതലായ മിഷൻഫീൽഡുകൾ സന്ദർശിക്കാൻ ഇടയായി. മാർച്ച് 26-ന് യാത്രതിരിച്ച് ഏപ്രിൽ 3 ന് മടങ്ങിയെത്തി**

വിശ്വാസികളുടെ വീടുകൾ സന്ദർശിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരോടൊരുമിച്ച് ദൈവത്തെ ആരാധിക്കുവാനും ദൈവം അവസരം നൽകി. ഞെരുക്കത്തിന്റെ നടുവിലുള്ള അവരുടെ ആരാധനയും ചുരുങ്ങിയ വർഷത്തിലുള്ള അവരുടെ ആഴമേറിയ വിശ്വാസവും ദൈവനാമത്തിൽ ചേർന്നുവരുവാനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതും കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ദൈവം സഹായിച്ചു. ഛത്തീസ്ഗഢിലെ മിഷനറിയും ഇവാഞ്ചലിസ്റ്റുമാരും പ്രതിസന്ധികളുടെ നടുവിലും വിശ്വാസത്തിൽ ബലപ്പെട്ടു ഉറച്ച തീരുമാനത്തോടെ കർത്താവിന്റെ ശുശ്രൂഷയിൽ മുന്നോട്ടുപോകുന്നു. അവിടുത്തെ ചർച്ചിന്റെ നിർമ്മാണം, മിഷനറിയുടെയും വിശ്വാസിയുടെയും ഭവനനിർമ്മാണ പ്രവർത്തനങ്ങൾ കാണുവാനും പ്രാർത്ഥിക്കുവാനും സാധിച്ചു. ആത്മഭാരത്തോടെ അവർക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും വേലയിൽ കൈത്താങ്ങൽ നൽകുമെന്നുമുള്ള തീരുമാനത്തോടെ എല്ലാവരും മടങ്ങി. യാത്രയിലും ഫീൽഡ് സന്ദർശനത്തിലും വ്യാപരിച്ച ദൈവകൃപക്കായി ദൈവത്തിന് നന്ദിപറയുന്നു. എല്ലാവരുടെയും പ്രാർത്ഥനയും കൈത്താങ്ങലും ദൈവനാമത്തിൽ ചോദിച്ചുകൊണ്ട് നിർത്തുന്നു.



ഷിബി സാബു
സെക്രട്ടറി

# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **1 രാജാക്കന്മാർ 17, 18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ:എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) സാമുവേൽ
**വിഷയങ്ങൾ** : സുവിശേഷവേലയുടെ അനുഗ്രഹത്തിനായും, പുതിയവേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **1 രാജാക്കന്മാർ 19, 20 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി)
**വിഷയങ്ങൾ** : സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായും, ഫീൽഡിലെ വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **1 രാജാക്കന്മാർ 21, 22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊംഗൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ) കുശാൽ ബോറൊ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ) രാജീവ് ഗോയാരി (ഭാര്യ: രാജശ്രീ)
**വിഷയങ്ങൾ** : കൊക്രജാർ, സുബൈജാർ, ബൊംഗൈഗാവ് എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും, ഫീൽഡിലെ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **2 രാജാക്കന്മാർ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) സുനിത കുമാരി
**വിഷയങ്ങൾ** : ഗുരു - വയറുവേദന, ശ്യാംലാൽ - ലിവർ പ്രോബ്ലം സൗഖ്യത്തിനായും, ഡുമർട്ടോല ഗ്രാമത്തിലെ വേലക്കായും വിശ്വാസികളുടെ ആത്മീയവളർച്ചക്കായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **2 രാജാക്കന്മാർ 4, 5 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഫീൽഡിൽ വേല വളരുന്നതിനായി പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **2 രാജാക്കന്മാർ 6, 7 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: ഏക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : പ്രധാൻ - സന്ധിവാതം, മുന്ന - കാൻസർ, സുജിത്ത് - ശ്വാസതടസ്സം, ജാഗൻ - തളർവാതം ഇവരുടെ സൗഖ്യത്തിനായും, ഫീൽഡിലെ സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **2 രാജാക്കന്മാർ 8, 9 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ദ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ)
**വിഷയങ്ങൾ** : ഗുരു - വിശ്വാസത്തിൽവന്നതിനാൽ കുടുംബത്തിൽ പ്രശ്നങ്ങളാണ്. വിടുതലിനായും, ഗുരിയ, കമൽ, പ്രേംകുമാർ - മാനസാന്തരത്തിനായും, സജീവ്, കൃഷ്ണ - കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ഫീൽഡിലെ യുവജനങ്ങളുടെ ആത്മീയവളർച്ചക്കായും, സീത - സാത്താന്യബന്ധനം വിടുതലിനായും, മൽബാരി - ഫീൽഡിൽ ചർച്ചു പണിയുന്നതിനായും പ്രാർത്ഥിക്കാം

## 08

**വായനഭാഗം** : **2 രാജാക്കന്മാർ 10, 11 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, പ്രിയ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു
**വിഷയങ്ങൾ** : ബൽറാം - അലർജി സൗഖ്യത്തിനായും, സുവിശേഷവിരോധികളുടെ പ്രവർത്തനങ്ങൾ ഏറിവരുന്നു. സമാധാനപരമായ അന്തരീക്ഷം ഫീൽഡിൽ ഉണ്ടാകുവാനും, എല്ലാ വിശ്വാസികളും ആത്മീയമായി വളരുവാനും, ഫീൽഡിലെ വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **2 രാജാക്കന്മാർ 12–14 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഡ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു
**വിഷയങ്ങൾ** : അഞ്ജനി - വീടുപണിയുടെ അനുഗ്രഹത്തിനായും, ചർച്ചുപണിയുടെ അനുഗ്രഹത്തിനായും, വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **2 രാജാക്കന്മാർ 15, 16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂറത്ത്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്)
**വിഷയങ്ങൾ** : ജാവലിയ - അനിമീയ, സൃഷ്ടി - ശരീരം മുഴുവൻ ഞരമ്പുവേദന, തലക്കും ചെവിക്കും ശക്തമായ വേദന, പോൾ - ടൈഫോയ്ഡ്, സുമിത്ര, നിഖിത - വയറുവേദന, ശർദ്ദി, വിനോദ് - തളർവാതം, രാംസിംഗ് - ആക്സിഡന്റ് പറ്റി കാലിന് വേദന, നടക്കാൻ പ്രയാസം, വിക്രം - സാമ്പത്തിക ബുദ്ധിമുട്ട് മാറുവാനും സൂറത്ത്, നാസിക്ക് എന്നിവിടങ്ങളിൽ ജോലിയില്ലാതെ ഭാരപ്പെടുന്ന യുവാക്കൾക്കായും ഗംഗാപൂർ, ഉദാപൂർ, ആമ്പലിബാരി എന്നിവിടങ്ങളിലെ വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **2 രാജാക്കന്മാർ 17, 18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും, വേലക്കാർക്കായും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **2 രാജാക്കന്മാർ 19, 20 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു - കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ)
**വിഷയങ്ങൾ** : ഫീൽഡിൽ ആരാധനാലയം പണിയുന്നതിനും, വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **2 രാജാക്കന്മാർ 21–23 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (റ്റാറ്റാനഗർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ഛാപ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും, വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **2 രാജാക്കന്മാർ 24, 25 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകർ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 15

**വായനഭാഗം** : **1 ദിനവൃത്താന്തം 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മദ്ധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ് കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രയാൻഷ്, പ്രിയാൻഷി), ചന്ദ്രപ്രകാശ്, സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക് കുമാർ, പാർസിംഗ്, ദേവിലാൽ
**വിഷയങ്ങൾ** : ലാലു - T.B., നാനി - കൈകാലുകൾക്ക് നീര്, എഴുന്നേറ്റ് നടക്കുവാൻ പ്രയാസം, ഉദയ്പുരാ, അമർദാര ഗ്രാമങ്ങളിൽ ആരാധന നടക്കുന്നു. സുവിശേഷവിരോധികൾ യാതൊരുവിധ പ്രശ്നങ്ങളും സൃഷ്ടിക്കാതിരിക്കുവാനും അമർപാഡ ഗ്രാമത്തിൽ പുതിയതായി ആരംഭിച്ച പ്രാർത്ഥനാകൂട്ടായ്മയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**16**

**വായനഭാഗം** : **1 ദിനവൃത്താന്തം 4–6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ചൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ട്ലെ, ഛായാലലിത് ജനബന്ധു
**വിഷയങ്ങൾ** : ദാനിയേൽ- ന്യുമോണിയ, ദ്രൗപതി- തളർവാതം, ഖുശ്ബു- ഉദരഫലത്തിന്റെ അനുഗ്രഹത്തിനായും, ഫീൽഡിലെ എല്ലാ വിശ്വാസികൾക്കായും വേലയുടെ വളർച്ചക്കായും പ്രാർത്ഥിക്കാം.

**17**

**വായനഭാഗം** : **1 ദിനവൃത്താന്തം 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകർ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മകൾ: സ്മൃതി)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**18**

**വായനഭാഗം** : **1 ദിനവൃത്താന്തം 9–11 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകർ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**19**

**വായനഭാഗം** : **1 ദിനവൃത്താന്തം 12–15 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (കണ്ഡമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആഷേഷ്, അർച്ചന, അഞ്ജന)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**20**

**വായനഭാഗം** : **1 ദിനവൃത്താന്തം 16–18 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൊട്ടഗ്രാ)
**പ്രവർത്തകർ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : പ്രേയർ ഹാൾ പണിയുന്നതിനും, വേലയുടെ അനുഗ്രഹത്തിനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**21**

**വായനഭാഗം** : **1 ദിനവൃത്താന്തം 19–22 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (ഹത്മുനിഗുഡ)
**പ്രവർത്തകർ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : പത്മസേന- സ്വന്തമായൊരു വീടിനായും, വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**22**

**വായനഭാഗം** : **1 ദിനവൃത്താന്തം 23–25 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൽഹണ്ടി)
**പ്രവർത്തകർ** : ആശിഷ് സിംഗ്
**വിഷയങ്ങൾ** : ആശിഷ് - തക്കതുണക്കായും, വിശ്വാസികളുടെ ആത്മീയ വളർച്ചക്കായും, വേലക്കാരെ ലഭിക്കുവാനും, പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**23**

**വായനഭാഗം** : **1 ദിനവൃത്താന്തം 26–28 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മകൾ: എയ്ഞ്ചൽ), അഞ്ജൻകുമാർ നായക് (ഭാര്യ: ലിലി)
**വിഷയങ്ങൾ** : സീന- കുടുംബത്തിന്റെ അനുഗ്രഹത്തിനായും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും, സണ്ടേസ്കൂൾ പഠിക്കുന്ന എല്ലാ കുട്ടികൾക്കായും അവരുടെ കുടുംബത്തിനായും വേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**24**

**വായനഭാഗം** : **1 ദിനവൃത്താന്തം 29–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മക്കൾ: ജോൺസൺ, സുഖ്രൂപ് കൗർ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **2 ദിനവൃത്താന്തം 1–2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്‌വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, രമേശ്, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവിഡ്, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്‌വിൻ ഗരാസിയ
**വിഷയങ്ങൾ** : സോഹൻ - കാലിലെ മുറിവുണങ്ങുവാനും, സാലിബാഡി ഗ്രാമത്തിലെ കൂട്ടായ്മക്കായും, ഗ്രാമങ്ങളിലെ വേലയുടെ വളർച്ചക്കും വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **2 ദിനവൃത്താന്തം 3–5 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രഹാം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികൾക്കായും, വേല വളരുവാനും, ഗുഡിചേരി ഗ്രാമത്തിൽ ചർച്ച് പണിയുന്നതിനായും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **2 ദിനവൃത്താന്തം 6–8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപ്പേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലി, സൂസന്ന, സാറ്റ്‌വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്)
**വിഷയങ്ങൾ** : പുതിയ വിശ്വാസികളെ ലഭിക്കുവാനും, വേല വളരുന്നതിനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **2 ദിനവൃത്താന്തം 9–12 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത്കുമാർ
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം** : **2 ദിനവൃത്താന്തം 13–16 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായ്ഗുരി)
**പ്രവർത്തകർ** : ഉമേഷ് കുമാർ ഹെബ്രോം (ഭാര്യ: മീന സോറൻ, മകൾ: ജറീന) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ** : ദുട്ടക്, മാധവ് - മദ്യപാനം മാറുവാനും കിരൺ, മാനിക്, മഹേഷ് - മാനസാന്തരത്തിനായും വേല വളരുവാനും, സുവിശേഷ വിരോധികൾ ഫീൽഡിൽ ഒത്തിരി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അവരുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **2 ദിനവൃത്താന്തം 17–19 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ
**പ്രവർത്തകർ** : ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല, മകൻ: ദേവ്)
**വിഷയങ്ങൾ** : ബനാർഹട്ട് ഫീൽഡിലെ വേല വളരുവാനും, പുതിയ വിശ്വാസികളെ ലഭിക്കുവാനും, പ്രാർത്ഥിക്കാം.

## 31

**വായനഭാഗം** : **2 ദിനവൃത്താന്തം 20, 21 അദ്ധ്യായങ്ങൾ**
**വിഷയങ്ങൾ** : ലിജി - ജോബി, അനു - ദിലീപ്, എൽജി - സബിൻ, എമി - എമിൽ, ഇവാഞ്ചലിൻ - ജോൺ, താര - ബേബി, നീതു - എൽദോസ്, അനു - അജയ്, ദീപ്തി - ക്രിസ്റ്റി, ആലീസ് - ജോസഫ്, മിനി - മോഹൻ, ലീന - അനിൽ, പവിത്ര - ദിപേഷ്, ലിജു - ലിൻസി, ജനി - റോജൻ, വിമൽ - അനു, ഷെറിൻ - ജിൻസു, സുമതി - മോഹനൻ, ലില്ലി - തോമസ് മക്കളില്ലാതെ ഭാരപ്പെടുന്ന ഈ പ്രിയപ്പെട്ടവർക്കായി പ്രാർത്ഥിക്കാം.


പ്രാർത്ഥനാ സഹായത്തിന്
# ഗാർഡിയൻ പ്രേയർ സെൽ

ഭവനത്തിലിരുന്ന് വിവിധ വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവാൻ താത്പര്യമുള്ളവർ ഗാർഡിയൻ പ്രേയർ സെല്ലിൽ അംഗമാകുവാൻ ഞങ്ങളുമായി ബന്ധപ്പെടുക

**CALL: 94466 10923**
E-mail: guardianprayercell@gmail.com
www.egmofindia.com





റവ. സണ്ണി കെ.
ജോൺ

# സജീവമായ യാഗം

"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നതു നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന്നു മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ". (റോമർ 12: 1-2)

ലേഖനത്തിന്റെ രണ്ടാം ഭാഗം എന്ന് നാമകരണം ചെയ്യാവുന്ന 12 മുതൽ 16 വരെ ഉള്ള അദ്ധ്യായങ്ങളിൽ രക്ഷിക്കപ്പെട്ട വിശ്വാസിയുടെ ജീവിതരീതികളിലേക്കും പെരുമാറ്റങ്ങളിലേക്കും അപ്പൊസ്തലൻ വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ക്രിസ്ത്യാനിയുടെ സന്മാർഗ്ഗ മാനദണ്ഡം ദൈവത്തിലുള്ള അവന്റെ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരിക്കണം. ഇതുകൊണ്ടാണ് വിശ്വാസിയുടെ ജീവിതത്തിൽ പ്രായോഗികമാക്കേണ്ട പ്രമാണങ്ങളുടെ ഉറവായി 1 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ദൈവത്തിന്റെ മനസ്സലിവിലേക്ക് അപ്പൊസ്തലൻ വിരൽചൂണ്ടുന്നത്. ദൈവത്തിന്റെ സ്നേഹമാണ് മറ്റുള്ളവരെ സ്നേഹിക്കുന്നതിന് നമുക്ക് പ്രേരണ നൽകുന്നത്. ദൈവത്തിന്റെ മനസ്സലിവ് നമ്മുടെ ശരീരങ്ങളെ ദൈവത്തിന് പ്രസാദകരമായ യാഗമായി സമർപ്പിക്കുന്നതിന് നമ്മെ പ്രോത്സാഹിപ്പിക്കുന്നു. ശരീരങ്ങളെ (1-ാം വാക്യം) എന്ന പദത്തിന് 'നാം ഏർപ്പെടുന്ന എല്ലാ കാര്യങ്ങളും' എന്നർത്ഥം. ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും ദൈവത്തിനുവേണ്ടി സമർപ്പിക്കുന്ന യാഗമായി നാം കരുതണം. ഇങ്ങനെയുള്ള സമർപ്പണം ബുദ്ധിയുള്ള ആരാധനയായി സങ്കൽപ്പിച്ചിരിക്കുന്നു. ദൈവം അംഗീകരിക്കുന്ന ആരാധന ദൈവാലയത്തിൽ നടത്തുന്നത് മാത്രമല്ല നമ്മുടെ ശരീരവും മനസ്സും ഏർപ്പെടുന്ന എല്ലാ കാര്യങ്ങളിലുംകൂടി പ്രത്യക്ഷമാക്കുന്ന സമർപ്പണ മനോഭാവവും അതിൽ ഉൾപ്പെടുന്നു. നമ്മുടെ ജീവിതരീതിയെ ദൈവാരാധന രീതിയായി മാറ്റണമെന്ന് ചുരുക്കം. വയലിലും വ്യവസായശാലയിലും വീട്ടിലും ചെയ്യുന്ന കാര്യങ്ങളിൽക്കൂടിയും നാം ദൈവത്തെ ആരാധിക്കേണ്ടതാകുന്നു.

ഇങ്ങനെ ദൈവത്തിന് സ്വീകാര്യമായ ആരാധന കഴിക്കുന്നതിന് സാധിക്കണമെങ്കിൽ 2-ാം വാക്യത്തിൽ പറയുന്നതുപോലെ നമ്മുടെ മനസ്സ് പുതുക്കി രൂപാന്തരപ്പെടേണ്ടതാണ്. ശീഘ്രഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിലെ ആചാരമര്യാദകളെ നാം അനുകരിച്ചതുകൊണ്ട് ഫലമില്ല. ലോകത്തോട് അനുരൂപമാകുന്ന അനുകരണം ക്രിസ്ത്യാനി നിഷേധിക്കണം. ക്രിസ്ത്യാനിയുടെ ധർമ്മം ദൈവഹിതം അറിയുന്നതിനുള്ള പരിശ്രമത്തിൽ അവൻ നിരന്തരം ഏർപ്പെട്ടിരിക്കണം എന്നുള്ളതാണ്. പുതിയത് എന്ന് തർജ്ജിമ ചെയ്തിരിക്കുന്ന മൂലപദത്തിന് രണ്ട് വിധത്തിലുള്ള

അർത്ഥമുണ്ട്. 1. കാലക്രമം അനുസരിച്ച് പുതിയത്. 2. സ്വഭാവം അനുസരിച്ച് പുതിയത്. രണ്ടാമത്തെ അർത്ഥത്തിലാണ് 'പുതുക്കി' എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്ത്യാനിയുടെ മനസ്സ് ലോകമനുഷ്യരുടെ മനസ്സിനെ അപേക്ഷിച്ച് അതിന്റെ സ്വഭാവത്തിൽ വ്യത്യസ്തമായിരിക്കണം. സ്വയത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന മനസ്സല്ല, ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്ന മനസ്സാണ് ക്രിസ്ത്യാനിക്ക് ഉണ്ടാകേണ്ടത്. ഒരുവൻ ക്രിസ്തുവിൽ ആകുമ്പോൾ അവൻ പുതിയ സൃഷ്ടിയായിത്തീരുന്നു. അവന്റെ ജീവിത ഉദ്ദേശവും അഭിലാഷങ്ങളും ചിന്തകളും ക്രിസ്തുവിന്റെ സ്വഭാവത്തിന് അനുയോജ്യമായി ഭവിക്കുന്നു. ഇങ്ങനെ ക്രിസ്തുവിൽ കേന്ദ്രീകരിച്ച പുതിയ മനസ്സ് ലഭിക്കുകയാണ് നമ്മുടെ സമർപ്പണംകൊണ്ട് സാധിക്കേണ്ടത്.

●●●

# കൃപാ ഭവൻ ദാൻ യോജന





- നമ്മുടെ മിഷൻ ഫീൽഡുകളിൽ വീടില്ലാത്ത/ ഇലകൾ കൊണ്ടോ പ്ലാസ്റ്റിക് ചാക്കു കൊണ്ടോ മറച്ചുകെട്ടി താമസിക്കുന്നവർക്കായി രണ്ടോ മൂന്നോ ലക്ഷം രൂപ ചിലവു വരുന്ന സാധാരണ വീടുകൾ നിർമ്മിച്ചു നൽകുവാൻ നാം ആഗ്രഹിക്കുന്നു.
- അടുത്ത 5 വർഷത്തിനുള്ളിൽ വിവിധ സംസ്ഥാനങ്ങളിലായി ദരിദ്രരിൽ ദരിദ്രരായ 60 പേർക്കെങ്കിലും വീട് പണിതു നൽകുവാൻ നാം ഉദ്ദേശിക്കുന്നു.
- അപ്രകാരം ഇതുവരെ നാലു വീടുകൾ പണിതീർത്ത് കൈമാറാൻ ദൈവം നമ്മെ സഹായിച്ചു. നാലു വീടുകളുടെ പണി പുരോഗമിക്കുന്നു.


# ഡോക്സ
## കൗൺസലിംഗ് സെന്റർ
**അല്ലപ്ര, പെരുമ്പാവൂർ**

**ONLINE SESSION AVAILABLE**

കുട്ടികൾക്കും മുതിർന്നവർക്കും കൂടാതെ ഫാമിലി കൗൺസിലിംഗും ലഭ്യമാണ്.
കൂടുതൽ വിവരങ്ങൾക്കും, ബുക്ക് ചെയ്യുന്നതിനും വിളിക്കേണ്ട നമ്പർ : 9495980654

NEWS

## മോശെ ചെങ്കടൽ പിളർന്നപ്പോൾ സംഭവിച്ചത് ഇതാണോ? ശാസ്ത്രത്തിന്റെ പുതിയൊരു കണ്ടെത്തൽ കൂടി



ബൈബിൾ പഴയനിയമകാലത്ത് നടന്ന ദൈവത്തിന്റെ അത്ഭുത പ്രവർത്തികളിൽ ഏറ്റവും ചർച്ചചെയ്യപ്പെട്ട ഒരു സംഭവമാണ് പുറപ്പാട് പുസ്തകത്തിൽ വിവരിക്കുന്ന മോശെ ചെങ്കടലിനെ വിഭാഗിച്ച് ദൈവിക പദ്ധതിക്ക് കളമൊരുക്കിയ ചരിത്രസത്യം. ഇപ്പോൾ ചെങ്കടലിനെപ്പറ്റി കൂടുതൽ നിരീക്ഷിക്കുകയും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ശാസ്ത്രജ്ഞർ ഇതുവരെ ആരും കണ്ടെത്താത്ത ഒരു പ്രക്രിയ കണ്ടെത്തിയിരിക്കുകയാണ്. ഫോക്സ് ന്യൂസ് റിപ്പോർട്ട് ചെയ്യുന്ന ഒരു വാർത്തയിൽ പറയുന്നത് അക്കാബ ഉൾക്കടലിന്റെ ഉപരിതലത്തിൽനിന്ന് ആയിരക്കണക്കിന് അടി താഴെയുള്ള ഉപ്പുവെള്ളക്കുഴികളായ "പ്രകൃതിദത്ത മരണക്കെണികൾ" ചെങ്കടൽ വിഭാഗിക്കാൻ ദൈവം മോശെയെ അമാനുഷികമായി ഉപയോഗിച്ചുവെന്ന് സാധാരണായി വിശ്വസിക്കപ്പെടുന്ന സ്ഥലത്താണ് കണ്ടെത്തിയത്. ഈ പ്രദേശത്തെ വെള്ളം സാധാരണ കടൽവെള്ളത്തെക്കാൾ 10 മടങ്ങ് ലവണാംശം ഉള്ളതും ഓക്സിജന്റെ അളവ് കുറവുള്ളതും ആയതിനാൽ അവിടുത്തെ മിക്ക ജലജീവികളും കൊല്ലപ്പെടാൻ സാധ്യതയുണ്ടെന്നാണ് വിശ്വസിക്കപ്പെടുന്നത്. യിമാ സർവ്വകലാശാലയിലെ സാം പുർക്കിസ് നടത്തിയ ഖനനത്തിൽ ആരും പ്രതീക്ഷിക്കാത്ത ഒന്ന് കണ്ടെത്തുന്നതിനുള്ള താക്കോലായേക്കാം ഈ മരണക്കുളങ്ങൾ എന്ന് കണ്ടെത്തി. ഈ വെള്ളത്തിന്റെ ആഴങ്ങളിൽ അജ്ഞാതമായ ജീവജാലങ്ങൾ ഉണ്ടാകുമോ? ഈ മരണക്കുളങ്ങൾ ഇത്ര ആഴമുള്ളതാണെങ്കിൽ എന്താണ് സംഭവിച്ചതെന്ന് ചില സൂചനകൾ ഉണ്ടാകുമോ? മോശെ ചെങ്കടലിൽ കൈ നീട്ടിയപ്പോൾ യഹോവ കാറ്റുകൊണ്ടു വെള്ളത്തെ പിന്നോട്ടു മാറ്റി യിസ്രായേലികൾക്ക് ഉണങ്ങിയ നിലത്തുകൂടി നടക്കുവാൻ കഴിഞ്ഞു. എന്നിരുന്നാലും മിസ്രയീമ്യർ അവരെ പിന്തുടർന്നപ്പോൾ വെള്ളം മടങ്ങി രഥങ്ങളെയും കുതിരകളെയും അവരുടെ പിന്നാലെ കടലിലേക്ക് വന്ന ഫറവോന്റെ സൈന്യത്തെയും എല്ലാം മുക്കിക്കളഞ്ഞു. അവരിൽ ഒരുത്തൻപോലും ശേഷിച്ചില്ല (പുറ. 14:28) എന്നു വിവരിക്കുന്നു. ഇനിയും ഉയർന്ന അളവിൽ ഉപ്പിന്റെ അംശം ഉള്ള അവിശ്വസനീയമാംവിധം ആഴത്തിലുള്ള വെള്ളം മിസ്രയിമ്യർക്ക് ആസന്നമായി അപകടം ഉറപ്പാക്കുകയായിരുന്നു. അവർ മുങ്ങി മരിക്കുകയായിരുന്നു എന്നു മാത്രമല്ല അതിജീവിക്കുക അസാധ്യമാവുകയായിരുന്നു. ചെങ്കടലിന്റെ ഈ ഭാഗത്തെക്കുറിച്ച് ഇനിയും വളരെയധികം കാര്യങ്ങൾ കണ്ടെത്താനുണ്ടെങ്കിലും ബൈബിൾ നമ്മോട് പറഞ്ഞ കാര്യങ്ങൾ ശാസ്ത്രം സ്ഥിരീകരിക്കുന്നുണ്ടെന്ന് നമുക്ക് സങ്കൽപ്പിക്കാൻ കഴിയും.

Source: www.divyavartha.com


## ഇടിമിന്നൽ സംഭവിക്കുന്നതിന് രണ്ടര മണിക്കൂർ മുമ്പ് അറിയാം! പുതിയ സംവിധാനവുമായി ISRO



ഇന്ത്യയിലുടനീളം സംഭവിക്കുന്ന ഇടിമിന്നൽ സംഭവങ്ങൾ പ്രവചിക്കാൻ സംവിധാനം വികസിപ്പിച്ചതായി ISRO അറിയിച്ചു. സ്ഥാപനത്തിന്റെ നാഷണൽ റിമോട്ട് സെൻസിങ് സെന്ററാണു സംവിധാനം യാഥാർത്ഥ്യമാക്കിയത്. ഭൂസ്ഥിര ഉപഗ്രഹങ്ങളിൽനിന്നുള്ള വിവരങ്ങൾ അപഗ്രഥിച്ചാണ് ഇതു പ്രവർത്തിക്കുന്നത്. ഇടിമിന്നൽ സംഭവിക്കുന്നതിന് രണ്ടര മണിക്കൂർ മുമ്പ് അറിയാൻ സംവിധാനം വഴിയൊരുക്കും. ഇടിമിന്നൽ ഭൂമിക്ക് ആവശ്യം തന്നെയാണ്. സസ്യങ്ങൾക്ക് വളരെ ആവശ്യമുള്ള നൈട്രജൻമൂലകത്തെ അന്തരീക്ഷത്തിൽനിന്നു വലിച്ചെടുക്കാൻ അവെക്കു തനിയേ കഴിയില്ല. എന്നാൽ മിന്നലുകളുണ്ടാക്കുന്ന ഊർജ്ജം നൈട്രജനെ നൈട്രജൻ ഡയോക്സൈഡാക്കും. ഇതു വെള്ളത്തിൽ ലയിക്കും. പിന്നീട് മണ്ണിൽനിന്നു വേരുകൾ ഉപയോഗിച്ച് ഈ നൈട്രജൻ വലിച്ചെടുക്കാൻ സസ്യങ്ങൾക്കു കഴിയും. ഓസോൺ ഉൽപ്പാദനത്തിനും മിന്നലുകൾ വഴിയൊരുക്കും അന്തരീക്ഷശുദ്ധീകരണത്തിലും മിന്നലുകൾ പങ്കു വഹിക്കുന്നുണ്ട്. എന്നാൽ മിന്നലേൽക്കുന്നത് അത്യന്തം അപകടകരമായ കാര്യമാണ്. 1967 മുതൽ 2020 വരെയുള്ള കാലയളവിൽ ഒരു ലക്ഷത്തിലേറെപ്പേർ മിന്നലേറ്റ് ഇന്ത്യയിൽ മരണപ്പെട്ടിട്ടുണ്ടെന്നാണു കണക്ക്. ഒരാൾക്കു മിന്നലേൽക്കാനുള്ള സാധ്യത 5 ലക്ഷത്തിൽ ഒന്നാണെന്ന് വിദഗ്ദ്ധർ പറയുന്നു. മിന്നലേറ്റാൽ പരുക്കുകളും പൊള്ളലും മുതൽ മരണംവരെ സംഭവിക്കാം. മിന്നലിന് 20,000 ഡിഗ്രി വരെ താപനില ഉയർത്താനുള്ള കഴിവുണ്ട്. അതിനാൽത്തന്നെ മിന്നലേൽക്കുന്നയാൾക്ക് പൊള്ളൽ സംഭവിക്കാം. ചില ആളുകൾക്ക് മിന്നലേറ്റതിനു ശേഷം കേൾവിശക്തിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. കാഴ്ച പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മിന്നലേൽക്കുന്നത് അകാലതിമിരത്തിനും വഴിവയ്ക്കാം. നാഡീവ്യവസ്ഥയിൽ തകരാറ്, വിട്ടുമാറാത്ത തലവേദന, ശരീരവേദന, ശ്രദ്ധക്കുറവ്, കാര്യങ്ങൾ ചെയ്യാൻ വലിയ കാലതാമസം മുതൽ വിഷാദം മൂഡ് വ്യതിയാനങ്ങൾ തുടങ്ങിയവ വരെ മിന്നലേറ്റവരിൽ കാണാം. 30,000 ആംപിയർ അളവിലുള്ള വൈദ്യുതിയാണു മിന്നലിലൂടെ എത്തുന്നത്. ഇതു ചെറുക്കാനുള്ള കഴിവ് നമ്മുടെ ശരീരത്തിനില്ല. ഗുരുതരമായ സംഭവങ്ങളിൽ മിന്നൽ ഹൃദയത്തിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുകയും, ഹൃദയസ്തംഭനത്തിനു വഴിവയ്ക്കുകയും ചെയ്യും. ഇത് ഏൽക്കുന്നയാളുടെ മരണത്തിനും കാരണമാകും. ലോകത്ത് മിന്നൽമൂലം പ്രതിവർഷം 24,000 പേർ മരിക്കുന്നുണ്ടെന്നു റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ചില സ്ഥലങ്ങളിൽ പതിക്കുന്ന മിന്നലുകളുടെ അളവ് കൂടുതലാണ്. ലൈറ്റ്നിങ് ഹോട്സ്പോട്ടുകൾ എന്ന് ഇവ അറിയപ്പെടുന്നു.

Source: www.madhyamam.com

## മിഷൻ ഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം



# രോഗസൗഖ്യവും, കുടുംബ സമാധാനവും നൽകി

2020 മുതൽ 2022 വരെ ഞാൻ വളരെ ക്ഷീണിതനും രോഗിയുമായിരുന്നു. എനിക്ക് ടി.ബി. രോഗം ഉണ്ടായിരുന്നു. രണ്ട് വർഷത്തോളം ഞാൻ മരുന്നുകൾ കഴിച്ചു, എന്നാൽ ഒരു മാറ്റവും ഉണ്ടായില്ല. ഇ.ജി.എം. ഓഫ് ഇന്ത്യയുടെ കൗവ്വാക്കോളിലുള്ള ചർച്ചിൽ പോയി. അവിടെവെച്ച് എന്റെ സുഹൃത്തിനെ കണ്ടു, എന്റെ രോഗത്തെപ്പറ്റി പറഞ്ഞു. സുഹൃത്ത് അവിടത്തെ മിഷനറിയെപ്പറ്റി പറഞ്ഞു. ഒരു ദിവസം പാസ്റ്റർ എന്റെ ഭവനത്തിൽ വന്നു. വചനം പറഞ്ഞു. കർത്താവായ യേശുവിനെക്കുറിച്ച് പറഞ്ഞു. കർത്താവായ യേശുവിൽ വിശ്വസിക്കുക, ദൈവം നിങ്ങളെ സുഖപ്പെടുത്തും. പാസ്റ്റർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു, എനിക്ക് സുഖം തോന്നിത്തുടങ്ങി. വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനകളിലും ഞായറാഴ്ച ആരാധനയിലും ഞാൻ പതിവായി പങ്കെടുക്കുന്നത് തുടർന്നു, 2023-ൽ കർത്താവായ യേശുക്രിസ്തു എന്നെ പൂർണ്ണമായും സുഖപ്പെടുത്തി. എനിക്ക് പ്രതീക്ഷ നഷ്ടപ്പെട്ടിരുന്നു. പണം മുഴുവൻ ചെലവഴിച്ചതിനാൽ ഞാൻ മരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നു. കുറച്ച് ഭൂമി ഉള്ളത് പണയപ്പെടുത്തിയിരുന്നു. എനിക്ക് നാല് പെൺമക്കളും ഒരു മകനുമുണ്ട്. എന്റെ ഭാര്യയും എപ്പോഴും കരയുമായിരുന്നു. ഞാനും ഒരുപാട് കരയുമായിരുന്നു. ഞാൻ കർത്താവായ യേശുവിന് നന്ദി പറയുന്നു. കർത്താവായ യേശു എനിക്ക് ഒരു പുതിയ ജീവിതം തന്നു. എന്നെ ഉയർത്തി രക്ഷിച്ചു. ഇപ്പോൾ ഞാൻ കുടുംബമായി ഞായറാഴ്ച ആരാധനയിലും വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനയിലും ഒത്തുകൂടുന്നു. ഞാനും എന്റെ കുടുംബവും കർത്താവായ യേശുവിൽ വിശ്വസിച്ചു, സ്നാനമേറ്റു, കർത്താവിനെ ആരാധിച്ചു. തുടർന്നും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ

മഞ്ചു ഹെംബ്രോം, ബീഹാർ


# സഫൽ സമ്മർ ക്യാമ്പ് 2025



**ഗോസ്പൽ മിഷൻ ബിബ്ലിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ കുട്ടികൾക്കും, യുവജനങ്ങൾക്കുമായി മൂന്നു ദിവസത്തെ താമസിച്ചുള്ള ക്യാമ്പ് സംഘടിപ്പിക്കുന്നു.**

**ACTIVITIES INCLUDE:**

Bible Study Sessions | Games and Team-Building | Songs and Worship
Interactive Workshops | Camp Fire | Talent Show

**തീയതി : മെയ് 11 ഞായർ (4 pm) – മെയ് 14 ബുധൻ (1 pm)**
**സ്ഥലം : അല്ലപ്ര മിഷൻ സെന്റർ**

**REGISTER NOW : 8281616654**



# മുടിയൻ പുത്രന്മാരുടെ ലോകത്തിൽ വിശ്വാസത്യാഗിനിയായ സഭ

**ലിനാർഡ് റാവൻഹിൽ**

നമ്മുടെ ശിരസ്സുകളുടെ നേരെ മുകളിൽ തിരസ്കരണം എന്ന ഡെമോക്ലീസിൻ വാൾ തൂങ്ങിക്കിടക്കുമ്പോൾത്തന്നെ വിശ്വാസികളായ നാം മെലിഞ്ഞവരും, അലസരും, ആഡംബരപ്രിയരും, സ്നേഹമില്ലാത്തവരും, കുറവുള്ളവരും ആകുന്നു. നമ്മുടെ കൃപാലുവായ ദൈവം നമ്മുടെ പാപത്തെ ക്ഷമിക്കയും, അകൃത്യത്തെ പോക്കുകയും അജ്ഞതയിൽ അലിവുകാണിക്കയും ചെയ്യുമെങ്കിലും നമ്മുടെ ശീതോഷ്ണമായ ഹൃദയങ്ങൾ അവന്റെ ദൃഷ്ടിയിൽ അവന് അറപ്പ് തോന്നുന്നവയത്രേ. നാം ഒന്നുകിൽ ഉഷ്ണവാന്മാരോ അല്ലെങ്കിൽ ശീതവാന്മാരോ, ഒന്നുകിൽ ജ്വലിക്കുന്നവരോ അല്ലെങ്കിൽ തണുത്തുറച്ചവരോ, ഒന്നുകിൽ കത്തുന്നവരോ അല്ലെങ്കിൽ കെട്ടവരോ ആയിരിക്കണം. അല്ലാതെ, ചൂടില്ലാത്ത, സ്നേഹമില്ലാത്ത മന്ദോഷ്ണ നിലപാടിനെ ദൈവം വെറുക്കുന്നു.

ക്രിസ്തു ഇപ്പോൾ, 'തന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽവച്ച് അടികൊണ്ടവനാകുന്നു'. ജീവനുള്ള ദൈവത്തിന്റെ വിശുദ്ധഗ്രന്ഥം അതിന്റെ പ്രതിയോഗികളിൽനിന്നുള്ളതിനെക്കാൾ അധികം ദ്രോഹം സഹിക്കുന്നത് അതിന്റെ വ്യാഖ്യാതാക്കളിൽ നിന്നാണ്.

നാം വേദവാക്യങ്ങൾ ഉപയോഗിക്കുന്നതിൽ അയവുകാണിക്കുന്നവരും, അവയെ വ്യാഖ്യാനിക്കുന്നതിൽ സമതുലിതാവസ്ഥ പുലർത്താത്തവരും, ദുർബലരാകത്തക്കവണ്ണം അലസത കാട്ടിയതിനാൽ അതിന്റെ അളവറ്റ ധനത്തെ സ്വായത്തമാക്കാത്തവരും ആണ്.

"യിസ്രായേലിന്റെ പരിശുദ്ധനെ പരിമിത"പ്പെടുത്തുവാൻ സഭയ്ക്ക് മാത്രമാണ് കഴിയുന്നത്. അത് സഭ ഇന്ന് വിദഗ്ദ്ധമായി നിർവ്വഹിക്കുന്നുമുണ്ട്. മരണത്തിന് അളവു വ്യത്യാസങ്ങളുണ്ടെങ്കിൽ അതിൽ ഏറ്റവും അധികം മരിച്ചവൻ, പരിശുദ്ധാത്മാഭിഷേകമില്ലാതെ പരിശുദ്ധാത്മാവിനെക്കുറിച്ച് പ്രസംഗിക്കുന്നവനാണ്.

അനുഗ്രഹിക്കപ്പെട്ട പരിശുദ്ധാത്മാവ് അവന്റെ കൃപാവരങ്ങളുമായിട്ടല്ല, പിന്നെയോ കൃപയോടുകൂടി വരേണ്ടതിന് നാം പ്രാർത്ഥിക്കുമ്പോൾ ആ അപേക്ഷ അക്ഷന്തവ്യമായ ഒന്നായി നാം കണക്കാക്കുന്നു.

അടിസ്ഥാന വേദോപദേശ മണ്ഡലങ്ങളിൽത്തന്നെയും നിയന്ത്രിതവും തരംതാഴ്ത്തപ്പെട്ടതുമായ ഒരു പരിശുദ്ധാത്മാവിന്റെ കാലമത്രെ ഇത്. യോവേൽ രണ്ടാം അദ്ധ്യായം നിവർത്തിക്കപ്പെട്ടു കാണുവാൻ നാം ആഗ്രഹിക്കുന്നുവെന്ന് നാം പറയേണ്ടതാണ്. അത് ആവശ്യവും ആണ്. "നിന്റെ ആത്മാവിനെ സകല ജഡത്തിന്മേലും പകരേണമേ!" എന്ന് നാം അപേക്ഷിക്കുന്നു" എങ്കിലും ഞങ്ങളുടെ പുത്രിമാർ പ്രവചിക്കാൻ പാടില്ല. അല്ലെങ്കിൽ ഞങ്ങളുടെ യുവാക്കന്മാർ ദർശനങ്ങളെ ദർശിക്കാൻ പാടില്ല." എന്നുള്ളത് പുറത്തു പറയാതെതന്നെ കൂട്ടിച്ചേർക്കുന്നു.

"അല്ലയോ, ദൈവമേ, ഞങ്ങൾ ചമച്ചുണ്ടാക്കിയ അവിശ്വാസത്തിലും ഞങ്ങളുടെ വേദശാസ്ത്രത്തിന്റെ മങ്ങിയ വെളിച്ചത്തിലും ഞങ്ങളുടെ ആത്മീയ ശക്തിരാഹിത്യത്തിലും അവിടുത്തെ പരിശുദ്ധാത്മാവിനെ ഞങ്ങൾ ദുഃഖിപ്പിക്കുകയും ഇപ്പോഴും ദുഃഖിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിൽ, കരുണയോടെ, അവിടുത്തെ വായിൽനിന്നും ഞങ്ങളെ ഉമിണ്ണുകളയേണമേ! അവിടുത്തേക്ക് ഞങ്ങളെക്കൊണ്ടും ഞങ്ങളിലൂടെയും ചിലത് ചെയ്യുവാൻ സാധിക്കുന്നില്ല എങ്കിൽ, ദൈവമേ ദയവായി ഞങ്ങളെ കൂടാതെ എന്തെങ്കിലും അവിടുന്നു ചെയ്യേണമേ! ഞങ്ങളെ കടന്നുപോവുകയും ഇപ്പോൾ അവിടുത്തെ അറിയാത്ത ഒരു ജനതയെ അവിടുന്നു എടുക്കുകയും ചെയ്യേണമേ! അത്ഭുതകരമായവയുടെ ഒരു ശുശ്രൂഷക്കായി അവരെ രക്ഷിച്ച് വിശുദ്ധീകരിച്ച് പരിശുദ്ധാത്മാവിൽ നിറെക്കുകയും ചെയ്യുമാറാകണമേ! 'ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോടുകൂടിയ സൈന്യംപോലെ ഭയങ്കരത്വവും ഉള്ളവരായി, രോഗിണിയായ ഒരു സഭയെ ഉണർത്തേണ്ടതിനും പാപപൂരിതമായ ഒരു ലോകത്തെ ഇളക്കേണ്ടതിനും അവരെ വെളിയിലേക്കയക്കുകയും ചെയ്യേണമേ."

ഈ ലോകത്തിന് ഇനിയും കൂടുതലായി ഒന്നും തന്നെ നൽകുവാൻ ദൈവത്തിനില്ല എന്നുള്ളത്

ചിന്തനീയമത്രെ. അവൻ തന്റെ ഏകജാതനായ പുത്രനെ പാപികൾക്കു നൽകി; അവൻ വേദപുസ്തകം സകല മനുഷ്യർക്കുമായി നൽകി; ലോകത്തിന് പാപബോധം വരുത്തേണ്ടതിനും സഭയെ സുസജ്ജമാക്കേണ്ടതിനും അവൻ പരിശുദ്ധാത്മാവിനെ നൽകി. ഒരു ചെക്കുബുക്ക് കൈവശം ഉണ്ടായിരുന്നാലും ചെക്കുകളിൽ ഒപ്പ് ഇടാത്തപക്ഷം എന്തു പ്രയോജനം? അടിസ്ഥാന വേദോപദേശ പ്രകാരമുള്ള ഒരു യോഗമായിരുന്നാൽ തന്നെയും കർത്താവ് അവിടെ സന്നിഹിതനായിട്ടില്ല എന്ന് വന്നാൽ അതുകൊണ്ടെന്ത് പ്രയോജനം?

നാം സത്യവചനത്തെ ശരിയായി വിഭജിക്കേണ്ടത് ആവശ്യമത്രെ. "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു" (വെളി. 3:20) എന്നുള്ള വേദഭാഗത്തിന് പാപികളോടും കാത്തുനില്ക്കുന്ന രക്ഷകനോടുമുള്ള ബന്ധത്തിൽ ഒന്നും ചെയ്യാനില്ല. ഒരിക്കലുമില്ല. ഇവിടെ ഇതാ തന്റെ സ്വന്തം ലവൊദിക്യ സഭയുടെ വാതിൽക്കൽ, അതിനകത്തേക്കു കടക്കാനുള്ള ശ്രമത്തിൽ നിൽക്കുന്ന കർത്താവിന്റെ ദയനീയമായ ചിത്രമത്രേ കാണുന്നത്. അത് ഒന്ന് ആലോചിച്ചുനോക്കൂ! പിന്നെയും ഭൂരിപക്ഷം പ്രാർത്ഥനായോഗങ്ങളിലും "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്." എന്നുള്ള വേദവാക്യത്തെക്കാൾ കൂടുതൽ ഉപയോഗിക്കുന്നതായി മറ്റെന്തുണ്ട്? എന്നാൽ സാധാരണയായി അവൻ നടുവിൽ അല്ല; വാതിൽക്കൽ അത്രെ! നാം അവന്റെ സ്തുതി പാടുന്നു; എങ്കിലും അവന്റെ ആളത്വത്തെ വർജ്ജിക്കുന്നു!

പ്രവാചകനായ മോശെ അഗ്നിയാൽ വിളിക്കപ്പെട്ടു. ഏലീയാവ് പ്രാർത്ഥിച്ച് അഗ്നി ഇറക്കി, എലീശ ഒരു അഗ്നിയുണ്ടാക്കി. മീഖാ അഗ്നിയെ പ്രവചിച്ചു. യോഹന്നാൻ സ്നാപകൻ വിളിച്ചു പറഞ്ഞു. "അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും" എന്ന്. "ഞാൻ ഭൂമിയിൽ തീ ഇടുവാൻ വന്നിരിക്കുന്നു." എന്ന് യേശു പറഞ്ഞു. അവന്റെ പുനരുത്ഥാന മഹത്വം ദർശിച്ച, അത്ഭുതം പ്രവർത്തിക്കുന്ന ശിഷ്യന്മാർ പെന്തെകൊസ്തുനാൾ വരെ, ക്രൂശിന്റെ ശുശ്രൂഷയിൽനിന്നും മാറിനിൽക്കേണ്ടിവന്നു.

സ്വദേശത്തായാലും വിദേശത്തായാലും "മാളികമുറിയുടെ അനുഭവമില്ലാതെ എന്തധികാരത്തിലാണ് ഈ നാളുകളിൽ ആളുകൾ ശുശ്രൂഷിക്കുന്നത്? പ്രാവചനിക പ്രസംഗകരുടെ കുറവ് നമുക്കില്ല. എന്നാൽ പ്രവചിക്കുന്ന പ്രസംഗകർ ദയനീയമാം വിധം ചുരുക്കമത്രെ. ആത്മീയപ്രവാചകർക്കായും ഹൃദയത്തിൽ പാപബോധം വരുത്തുന്നവർക്കായും നാം അപേക്ഷിക്കുന്നില്ല. നമ്മുടെ പക്കൽ വിശുദ്ധ ഗ്രന്ഥവും, അതിനകത്ത് മറ നീക്കംചെയ്ത കർത്താവിന്റെ മനസ്സും ഉള്ളതുകൊണ്ട് പ്രവചനങ്ങൾക്ക് ഇപ്പോൾ ഒട്ടും വ്യാപ്തി ഇല്ലതന്നെ. എന്നാൽ വ്യക്തമായും നേരെയും പറയുന്ന ആളുകളെ നമുക്കാവശ്യമാണ്. പരിശുദ്ധാത്മാവിനെ കുത്തകയാക്കുന്നതിനു യാതൊരു മനുഷ്യനും കഴിയുകയില്ല. എന്നാൽ മനുഷ്യരെ കുത്തകയാക്കിത്തീർക്കുവാൻ പരിശുദ്ധാത്മാവിന് കഴിയും. അങ്ങനെയുള്ളവർ ആണ് പ്രവാചകന്മാർ.

സഹോദരന്മാരെ, "ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ വെളിച്ചത്തിൽ, വൈദിക ബഹുമതികളാലും വേദശാസ്ത്രബിരുദങ്ങളാലും നിറയപ്പെട്ടവരായി നരകത്തിന്റെ പരിഹാസച്ചരക്കായും ആത്മീയ നിസ്സാരന്മാരായും മരിക്കുന്നതിനേക്കാൾ ഭേദം, ഉയർന്നതും താണതുമായ സ്ഥലങ്ങളിൽ പാപത്തെ പരസ്യമായി ഭർത്സിച്ചുകൊണ്ട് രാഷ്ട്രത്തെ സാത്താന്റെ അധികാരത്തിൽനിന്നും ദൈവത്തിങ്കലേക്ക് തിരിച്ചുകൊണ്ട്, യോഹന്നാൻസ്നാപകൻ ചെയ്തതുപോലെ ഒരു അഗ്നിപർവ്വതഹൃദയവുമായി ആറുമാസക്കാലം നാം ജീവിച്ചിരിക്കുകയാണ്.

പ്രസംഗകർ പ്രസംഗപീഠങ്ങളെ പ്രസിദ്ധിയുള്ളതാക്കുന്നു. പ്രവാചകന്മാർ കാരാഗൃഹങ്ങളെ പ്രസിദ്ധിയുള്ളതാക്കിത്തീർക്കുന്നു. കർത്താവ് നമുക്ക് പ്രവാചകന്മാരെ അയക്കുമാറാകട്ടെ.


അയ്യോ, പുതിയനിയമ സഭയോടുള്ള താരതമ്യത്തിൽ നാം അപ്പൊസ്തലികതയിലും മാനദണ്ഡത്തിലും വളരെ അധികം താണുപോയിരിക്കുന്നു! പന്ഥേദ്യാപദേശം, ഭൂരിഭാഗ വിശ്വാസികളെയും സുഖനിദ്രയിലാഴ്ത്തിക്കളഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അക്ഷരം മാത്രം പോരല്ലോ. അത് ജ്വലിപ്പിക്കപ്പെടണം! അക്ഷരത്തോട് ആത്മാവും കൂടിച്ചേരുമ്പോഴാണ് "ജീവൻ പ്രാപിക്കുന്നത്" ശുദ്ധമായ ഇംഗ്ലീഷിലും കറയറ്റ ഭാഷാന്തരത്തിലൂടെയും ഉള്ള ഒരു പ്രസംഗം ഒരു വായ് മണൽപോലെ രുചിയറ്റതാവുന്നതാണ്. റോമിനെ അപഹരിക്കാനും കമ്മ്യൂണിസത്തെ തറപറ്റിക്കാനും കത്തിജ്വലിക്കുന്ന സഭയാണ് നമുക്കു വേണ്ടത്. കത്തുന്ന ഒരു മുൾപ്പടർപ്പ് മോശെയെ ആകർഷിച്ചു. കത്തിജ്വലിക്കുന്ന ഒരു സഭ ലോകത്തെ ആകർഷിക്കുകയും, തന്നിമിത്തം അതിന്റെ മദ്ധ്യേനിന്ന് അവർ ജീവിക്കുന്ന ദൈവത്തിന്റെ ശബ്ദം കേൾക്കുകയും ചെയ്യും. ●●●

Source: [illegible]

# ആരോഗ്യവിചാരം

Source: www.manoramaonline.com

## ലോകത്തിലേറ്റവും ചെറിയ പേസ്മേക്കർ; അരിമണിയെക്കാൾ ചെറുത്, ശരീരത്തിൽ അലിഞ്ഞുചേരും



ഹൃദയമിടിപ്പിൽ താളംതെറ്റലുള്ളവർക്കുവേണ്ടി ഉപയോഗിക്കുന്ന മെഡിക്കൽ ഡിവൈസാണ് പേസ്മേക്കർ. ശരീരത്തിൽ ഘടിപ്പിക്കുന്ന പേസ്മേക്കർ സാധാരണഗതിയിൽ അല്പം വലിപ്പമുള്ളവയാണ്. എന്നാൽ ലോകത്തിലേറ്റവും ചെറിയ പേസ്മേക്കർ വികസിപ്പിച്ചിരിക്കുകയാണ് ഒരുസംഘം എഞ്ചിനീയർമാർ. അരിമണിയെക്കാൾ വലിപ്പംകുറഞ്ഞ പേസ്മേക്കറാണ് വികസിപ്പിച്ചത്. അമേരിക്കയിലെ നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റിയിലെ എഞ്ചിനിയർമാരാണ് കുഞ്ഞൻ പേസ്മേക്കറിന്റെ പിന്നിൽ പ്രവർത്തിച്ചത്. ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ നേച്ചർ ജേർണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നവജാതശിശുക്കൾക്ക് വേണ്ടിയുള്ള താത്കാലിക പേസ്മേക്കറായാണ് ഇതിനെ വികസിപ്പിച്ചത്. നിലവിൽ ഉപയോഗിക്കുന്ന വയറുകളുള്ള പേസ്മേക്കറുകൾ സ്ഥാപിക്കാൻ സങ്കീർണ്ണമായ ശസ്ത്രക്രിയ വേണ്ടിവരും. മാത്രമല്ല കാലാവധി കഴിഞ്ഞാലോ, അല്ലെങ്കിൽ ഉപയോഗം ആവശ്യമില്ലാതെവന്നാലൊ ഇത് ശരീരത്തിൽനിന്ന് മാറ്റണമെങ്കിലും വീണ്ടുമൊരു ശസ്ത്രക്രിയക്ക്കൂടി വിധേയരാകേണ്ടിവരും. എന്നാൽ പുതിയ പേസ്മേക്കർ ഒരിക്കൽ സ്ഥാപിച്ച്കഴിഞ്ഞാൽ അത് നിശ്ചിതകാലത്തിന് ശേഷം ശരീരത്തിൽ തനിയെ അലിഞ്ഞുചേരുമെന്നതാണ് പ്രത്യേകത. ലോകത്ത് ജനിക്കുന്ന ഒരു ശതമാനം കുട്ടികളിൽ ജന്മനാ ചില വൈകല്യങ്ങളുണ്ടാകാറുണ്ട്. വളരുമ്പോൾ തനിയെ പരിഹരിക്കപ്പെടുന്ന അത്തരം വൈകല്യമുള്ള കുട്ടികൾക്ക് ചിലപ്പോൾ പേസ്മേക്കറിന്റെ സഹായം ആവശ്യമായി വരും. ചിലപ്പോൾ ആഴ്ചകൾ മാത്രമേ പേസ്മേക്കറിന്റെ സഹായം വേണ്ടിവരൂ. ഇത് ഗുരുതരമായ സാഹചര്യത്തെ മറികടക്കാൻ കുട്ടികളെ സഹായിക്കും. എന്നാൽ തീരെ ചെറിയ കുട്ടികൾക്ക് നിലവിലെ വലിയ പേസ്മേക്കർ എന്നത് വലിയ ബുദ്ധിമുട്ടുകളാണ് ഉണ്ടാക്കുക. ഇതിന് പരിഹാരമായാണ് പുതിയ, മില്ലിമീറ്ററുകൾ മാത്രം വലിപ്പമുള്ള, പേസ്മേക്കർ വികസിപ്പിച്ചത്. മാത്രമല്ല ആവശ്യം കഴിഞ്ഞാൽ അത് നീക്കാൻ ഒരു ശസ്ത്രക്രിയ വേണ്ടിവരുന്നില്ല. മൃഗങ്ങളിൽ പരീക്ഷിച്ചതിന് ശേഷം മനുഷ്യരിലും പരീക്ഷിച്ചുറപ്പുവരുത്തി, കൃത്യമായ ഇടവേളയിൽ ഹൃദയമിടിപ്പ് നിലനിർത്താൻ ഈ കുഞ്ഞൻ പേസ്മേക്കർ സഹായിക്കുമെന്ന് തെളിയിച്ചു. പുതിയ പേസ്മേക്കൽ മുതിർന്നവരിലും ഉപയോഗിക്കാനാകുമോ എന്ന പരീക്ഷണമാണ് ഇനി നടക്കാൻ പോകുന്നത്. ഇത് വിജയകരമായാൽ പുതിയ വിപ്ലവമാണ് നടക്കുക. നിലവിലെ വലിയ പേസ്മേക്കറിന് പകരം ഇത്തരം കുഞ്ഞൻ പേസ്മേക്കറുകൾ ഹൃദയത്തിന്റെ വിവിധ ഭാഗങ്ങളിൽ ഘടിപ്പിച്ച് മുതിർന്നവരിലെ ഹൃദയമിടിപ്പിലുണ്ടാകുന്ന വൈകല്യങ്ങൾ പരിഹരിക്കാൻ സാധിക്കും. നാഡികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ, വേദന നിയന്ത്രിക്കൽ, അസ്ഥികളുടെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കാനും ഭാവിയിൽ ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെട്ടേക്കും.

●●●



## ജീവിത പങ്കാളിയെ തേടി

സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഒപ്പം താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............ വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :........................................................................ ഒപ്പ്:......................

# ബൈബിൾ ക്വിസ് 2025 ഭാഗം : 5



(2 ശമൂവേൽ, വെളിപ്പാട്, GM ഏപ്രിൽ 2025)

1. ഊഴിയവേലക്കാർക്കു മേൽവിചാരകൻ?
2. നാല് ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മദ്ധ്യത്തിലും കുഞ്ഞാട് എപ്രകാരമാണ് നിന്നത് ?
3. ദാവീദിന്റെകാലത്ത് മൂന്ന് സംവത്സരം തുടരെത്തുടരെ ക്ഷാമം ഉണ്ടായത് ആര് നിമിത്തം?
4. —— എന്ന ധൂപവർഗ്ഗം നിറഞ്ഞ പൊൻകലശം.
5. ആരുടെ മകൻ മെഫീബോശെത്തിനെയാണ് ദാവീദ് തൂക്കാനായി ഗിബെയോന്യരെ ഏല്പിച്ചത് ?
6. സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലുമുള്ള ദൂതന്മാരുടെ എണ്ണം?
7. ശൗലിന്റെയും യോനാഥാന്റെയും അസ്ഥികൾ ആരുടെ കല്ലറയിലാണ് അടക്കംചെയ്തത് ?
8. ശാസ്ത്രത്തിന് 90 മിനിറ്റുകൊണ്ട് എത്ര ജീവനുള്ള പാവകളെ ഉണ്ടാക്കാൻ കഴിയും?

*ശരിയുത്തരങ്ങൾ തപാൽ / ഇ–മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20 – ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

9. നാല് ജീവികളും ആമേൻ എന്ന് പറഞ്ഞപ്പോൾ മൂപ്പന്മാർ എന്ത് ചെയ്തു?
10. യിശ്ബി - എബെനോബിന്റെ താമ്രശൂലത്തിന്റെ തൂക്കം?

## ബൈബിൾ ക്വിസ് 2025 - ഭാഗം 4 ശരിയുത്തരങ്ങൾ

1. പളുങ്കിനൊത്ത (വെളിപ്പാട് 4:6)
2. ഒന്ന് (2 ശമൂവേൽ 20:10)
3. മനുഷ്യനെപ്പോലെ മുഖം (4:7)
4. വയലിലേക്ക് (2 ശമൂവേൽ 20:12)
5. സിംഹാസനത്തിൻ മുമ്പിൽ ഇടും (വെളിപ്പാട് 4:11)
6. ജ്ഞാനമുള്ള ഒരു സ്ത്രീ (2 ശമൂവേൽ 20:16)
7. പ്രാർത്ഥനക്കു (ഗോസ്പൽ മെസഞ്ചർ 25, പേജ് 29)
8. ആബേലിൽ (2 ശമൂവേൽ 20:18)
9. ഏഴ് (വെളിപ്പാട് 5 : 1)
10. എഫ്രയീംമലനാട് (2 ശമൂവേൽ 20: 21)

## ഭാഗം-3 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

അന്നമ്മ ഈശോ, ഗ്രേസി ചാക്കോ, ജിൻസി എഡ്ബി, ലില്ലി ചാക്കോ, മേരി ഫിലിപ്പ്, തങ്കച്ചി വർഗ്ഗീസ്, തങ്കമ്മ ഔസേഫ്

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

STATE COORDINATOR

P.V. JOSEPH : 94465 96654

ORGANIZER

M.O. JOSE : 86067 04376

## ZONAL SECRETARIES

CHINNU RAJAN : 99953 29889

JANCY VARGHESE : 94465 23654

C.K. ABRAHAM : 94478 74276

VALSA KURIAKOSE : 94972 80050

M.A. MATHAI : 85473 90680

## ഓഫീസ് OFFICE TIME : 9.30 AM 6.00 PM


Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA 683556

Phone : 0484 2593838, (+91) 8281616654 (Whatsapp)

Email : egmofindia@gmail.com

Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**

Phone : (+91) 9447707654

Email : vpmathaivalayil@gmail.com

# ആദരാഞ്ജലികൾ



## കെ. മത്തായി (80)

### തൃക്കളത്തൂർ

സുപ്രസിദ്ധ സുവിശേഷകനായ തൃക്കളത്തൂർ, ഊർപ്പായിൽ വീട്ടിൽ ശ്രീ. കെ. മത്തായി തന്റെ ശുശ്രൂഷാകാലം പൂർത്തീകരിച്ച് കർത്തൃസന്നിധിയിൽ പ്രവേശിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നു.



## മറിയാമ്മ കുര്യാക്കോസ് (105)

### പാലക്കാട്

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ സഹകാരിയായ പാലക്കാട് തൊഴുത്തുങ്കൽ വീട്ടിൽ Rev. Fr. മത്തായിയുടെ മാതാവ് ശ്രീമതി മറിയാമ്മ (105 വയസ്സ്) 27.03.2025–ൽ കർത്താവിൽ നിദ്രപ്രാപിച്ചു. ഇ.ജി.എം. കുടുംബത്തിന്റെ അനുശോചനം ഹൃദയപൂർവ്വം അറിയിക്കുന്നു.







ക്രാരിയേലി സെന്റ് മേരീസ് യാക്കോബൈറ്റ് സിറിയൻ ചർച്ചിൽ നടത്തപ്പെട്ട VBS പ്രോഗ്രാം

# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്<br>Support for the works in a Mission field | : | ₹ 15,000/ |
| ഒരു മിഷനറിയുടെ സന്ധാരണത്തിന്<br>support for a Missionary | : | ₹ 4,000/ |
| ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്<br>Evangelisation of a village | : | ₹ 2,500/ |
| ബൈബിൾ, സുവിശേഷപ്രതികൾക്ക്<br>Distribution of Bible, Tracts etc. | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു ആരാധനാലയം നിർമ്മിക്കുവാൻ<br>Construction of a Church | : | ₹ 10,00,000/ |
| ഗ്രാമത്തിൽ ഒരു പ്രെയർ ഹാൾ<br>Construction of a Prayer Hall in a village | : | ₹ 3,50,000/ |
| ഫീൽഡിലേക്ക് ഒരു ടൂവീലർ<br>Buy a twowheeler to the Mission field | : | ₹ 1,00,000/ |
| ഫീൽഡിലേക്ക് ഒരു സൈക്കിൾ<br>Buy a cycle to the Mission field | : | ₹ 4,500/ |

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

| | | |
|---|---|---|
| ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം<br>Distribute Lunch In Tribal school | : | ₹ 5,000/ |
| മെഡിസിൻ വിതരണത്തിന്<br>Distribution of medicine | : | ₹ 1000/ |
| ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്<br>Palliative Care for a BPL Family | : | ₹ 1,000/ |
| അനാഥാലയത്തിന്റെ ചിലവിന്<br>Expenses of an Orphanage | : | ₹ 30,000/ |
| ഒരു അനാഥക്കുട്ടിയുടെ സന്ധാരണം<br>Support an Orphan | : | ₹ 1,700/ |
| വിദ്യാഭ്യാസ സഹായം<br>Educational help | : | ₹ 500/ |

### മറ്റു ആവശ്യങ്ങൾ (other needs)

| | | |
|---|---|---|
| ഒരു വീട് നിർമ്മിക്കുവാൻ<br>Construction of a house for the poor | : | ₹ 5,00,000/ |
| സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്<br>school uniform, bag & shoes | : | ₹ 1000/ |

## ബാങ്ക് വിവരങ്ങൾ

**Name :** EGM OF INDIA **A/c No :** 337 572 223 61

**Name :** MATHAI V.P. **A/c No :** 303 940 841 48

9188379654

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

## ബാങ്ക് വിവരങ്ങൾ

**Name:** HELP INDIA MISSION
**A/c No:** 100 302 000 284 26
**Name:** MATHAI V.P. **A/c No:** 100 301 005 826 13

9188389654

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/– രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

# ഹെൽപ്പ് ഇന്ത്യ മിഷൻ

www.helpindiamission.com

## നിർദ്ധനരായ ഗ്രാമീണ വിദ്യാർത്ഥികൾക്ക് വിദ്യാകിരൺ യോജനയുടെ ഭാഗമായി എഡ്യുക്കേഷൻ കിറ്റ് വിതരണം



നമ്മുടെ ഫീൽഡുകളിൽ താമസിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങളിലേക്ക് കൈത്താങ്ങൽ നൽകുവാൻ നാം ആഗ്രഹിക്കുകയാണ്. നമ്മുടെ പ്രവർത്തനങ്ങളുമായി ചേർന്നും അല്ലാതെയും ജാതി, മത, വർണ്ണ വർഗ്ഗ വ്യത്യാസമെന്യെയുള്ള അനേകം കുട്ടികളിലേക്ക് ഈ പദ്ധതി എത്തിക്കുവാൻ നാം തയ്യാറെടുക്കുകയാണ്. ഓരോ വിദ്യാർത്ഥിക്കും അവർ പഠിക്കുന്ന തലത്തിനൊത്തവണ്ണം പഠനോപകരണങ്ങൾ വിതരണംചെയ്യുവാൻ സാധിക്കും. ഈ പദ്ധതിയിൽ താങ്കളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിലും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് ഒരു പ്രചോദനവും സഹായവുമാകട്ടെ.

| KG - Std.2 | Std.3 - Std.7 | Std.8 - Std.12 | College Going |
|---|---|---|---|
| 500/- | 1000/- | 1500/- | 2000/- |

മെയ്മാസത്തിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ച് ജൂൺ–ജൂലൈ മാസത്തോടെ പഠനോപകരണങ്ങൾ വിതരണംചെയ്യുവാൻ നാം ഒരുങ്ങുന്നു. പ്രാർത്ഥിക്കണമേ.



G Pay

Help India Mission

9188389654

ഹെൽപ്പ് ഇന്ത്യ മിഷൻ നിർവ്വഹിക്കുന്ന വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി ഈ അക്കൗണ്ട് നമ്പറിൽ (A/C No. 100 302 000 284 26) അയക്കുന്ന സംഭാവനകൾക്ക് Income Tax ഇളവ് (80G പ്രകാരം) ലഭിക്കുന്നതാണ്.

**BANK DETAILS**

| HELP INDIA MISSION | V.P. MATHAI (Official) |
|---|---|
| A/C No. 100 302 000 284 26 | A/C No. 100 301 005 826 13 |

Federal Bank, Perumbavoor

IFSC: FDRL0001003

പണം അയക്കുന്നവർ നിർബന്ധമായും പേരും മൊബൈൽ നമ്പറും വിലാസവും ഓഫീസിൽ നൽകേണ്ടതാണ്.

Email: him.helpindia@gmail.com
Ph: 9747407654

RNI Reg. No. KERMAL/2009/34305
"Registered" Postal Reg. No. KL/ALY/0060/2023-25
Licence No. KL/CR/ALY/WPP-03/2023-25
Licenced to Post without Prepayment

Publishing Date 15.04.2025

**ഗോസ്പൽ മെസഞ്ചർ** വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

## ഇ. ജി. എം. ഓഫ് ഇന്ത്യ

# 18 – ാമത് സ്ഥാപകദിനവും കുടുംബസംഗമവും

2025 മെയ് 1 (വ്യാഴാഴ്ച്ച) | 6 PM - 9.15 PM

**അല്ലപ്ര മിഷൻ സെന്ററിൽ**

ഡോ. വി. പി. മത്തായി വാലയിൽ വചന ശുശ്രൂഷ നിർവ്വഹിക്കുന്നു.



ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുമുള്ള മിഷനറിമാരും, പ്രതിനിധികളും, വൈദികരും, സുവിശേഷകരും പങ്കെടുക്കുന്നു. ഫീൽഡുകളിൽനിന്നുള്ള കലാ, സാംസ്കാരിക പരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

## നാലാമത് ഓൺലൈൻ

# പ്രഭാത സുവിശേഷധ്യാനം

**2025 മെയ് 31 മുതൽ ജൂൺ 5 വരെ** (Google Meet–ൽ)

**Google Meet Meeting Code : iib-yyvd-seq** | **5.45 am - 6.45 am**

**പ്രസംഗകർ**

31.05.2025



Br. സെബാസ്റ്റ്യൻ സേവ്യർ, കോട്ടയം

01.06.2025



Br. ബിജു വർഗീസ് വിശ്വവാണി

02.06.2025



Dr. ബേസിൽ ബാബു

03.06.2025



Rev. മോതി വർക്കി

04.06.2025



V. Rey. പൗലോസ് കാളിയമ്മേലിൽ കോർ എപ്പിസ്കോപ്പ

05.06.2025



Dr. വി. പി. മത്തായി വാലയിൽ

POWERVISION

പവർവിഷൻ ചാനലിൽ
ബുധനാഴ്ച്ച രാത്രി 8 ന്

# രക്ഷാസന്ദേശം

ടി. വി പ്രോഗ്രാം



Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.